# 52

# ഉപമകളുടെ ഒരു പരമ്പര

## (21:28- 22:14)

യോഹന്നാൻ സ്നാപകന്റെ സ്നാനത്തെ കുറിച്ചുള്ള തന്റെ ചോദ്യത്തിന് യെഹൂദ മതാദ്ധ്യക്ഷന്മാർ വ്യക്തമായി ഉത്തരം പറയാതിരുന്നതിനെ തുടർന്ന്, യേശു ഉപമകളുടെ ഒരു പരമ്പര തന്നെ അവതരിപ്പിച്ചു (21:28–22:14).

**രണ്ട് പുത്രന്മാരുടെ ഉപമ (21:28-32)**

**[28]"എങ്കിലും നിങ്ങൾക്ക് എന്തു തോന്നുന്നു? ഒരാൾക്ക് രണ്ട് പുത്രന്മാർ ഉണ്ടായിരുന്നു; അവൻ ഒന്നാമത്തവന്റെ അടുക്കൽ ചെന്നു; 'മകനേ ഇന്നു എന്റെ മുന്തിരിത്തോട്ടത്തിൽ പോയി വേല ചെയ്ക' എന്നു പറഞ്ഞു. [29]'എനിക്ക് മനസില്ല' എന്നു അവൻ ഉത്തരം പറഞ്ഞു. എങ്കിലും പിന്നത്തേതിൽ അനുതപിച്ചു അവൻ പോയി. [30]രണ്ടാമത്തവന്റെ അടുക്കൽ അവൻ ചെന്നു അങ്ങനെ തന്നെ പറഞ്ഞപ്പോൾ, 'ഞാൻ പോകാം അപ്പാ' എന്നു അവൻ ഉത്തരം പറഞ്ഞു; പോയില്ല താനും. [31]ഈ രണ്ട് പേരിൽ ആരാകുന്നു അപ്പന്റെ ഇഷ്ടം ചെയ്തത്?" "ഒന്നാമത്തവൻ" എന്ന് അവർ ഉത്തരം പറഞ്ഞു. യേശു അവരോട് പറഞ്ഞത്, "ചുങ്കക്കാരും വേശ്യമാരും നിങ്ങൾക്ക് മുമ്പായി ദൈവ രാജ്യത്തിൽ കടക്കുന്നു എന്നു സത്യമായിട്ടു ഞാൻ നിങ്ങളോട് പറയുന്നു. [32]യോഹന്നാൻ നീതിമാർഗം ഉപദേശിച്ചുകൊണ്ട് നിങ്ങളുടെ അടുക്കൽ വന്നു; നിങ്ങൾ അവനെ വിശ്വസിച്ചില്ല; എന്നാൽ ചുങ്കക്കാരും വേശ്യമാരും അവനെ വിശ്വസിച്ചു; അതു കണ്ടിട്ടും നിങ്ങൾ അവനെ വിശ്വസിപ്പാൻ തക്ക വണ്ണം പിന്നത്തേതിൽ അനുതപിച്ചില്ല."**

ഫലത്തിൽ, ആദ്യത്തെ സംഭവം അധികാരികളുടെ ചോദ്യത്തിനു മറുപടി പറയുന്നതും, ആരാണ് യഥാർത്ഥത്തിൽ ദൈവപൈതൽ എന്നു വ്യക്തമാക്കുന്നതുമായിരുന്നു. തങ്ങൾ ദൈവികമായ അധികാരത്തിൽ, ദൈവത്തിനു വേണ്ടി സംസാരിക്കുന്നു എന്നാണ് ആ ആളുകൾ അവകാശപ്പെട്ടത്. യേശു അധികാരത്തോടെയല്ല സംസാരിച്ചത്, അവന് ദൈവികമായ അധികാരത്തിൽ സംസാരിപ്പാൻ കഴിയുകയില്ല, അതുകൊണ്ട്, അവൻ ദൈവപുത്രനോ മശിഹയോ ആയിരിക്കുകയില്ല എന്നതായിരുന്നു അവരുടെ ചോദ്യത്തിൽ അന്തർലീനമായിരുന്നത്.

**വാക്യങ്ങൾ 28–30.** ഒരു ചോദ്യവുമായിട്ടാണ് യേശു ഉപമ ആരംഭിച്ചത്, **"എങ്കിലും നിങ്ങൾക്ക് എന്തു തോന്നുന്നു?"** അവൻ സാധാരണ ഇങ്ങനെ ചെയ്യുന്നത് ആളുകളുടെ ശ്രദ്ധ ആകർഷിക്കുന്നതിനും ആളുകളുടെ ചിന്തയെ ഉണർത്തുന്നതിനുമായിരുന്നു (17:25; 18:12; 22:42). **ഒരു മനുഷ്യന്നു രണ്ട് പുത്രന്മാരുണ്ടായിരു** [ന്നതിനെ] കുറിച്ചായിരുന്നു സംഭവം. അവൻ രണ്ട് പേരോടും മാന്യമായി ഒരേ രീതിയിൽ **തോട്ടത്തിൽ പോയി ജോലി** ചെയ്യുവാൻ പറഞ്ഞു. തോട്ടം ബൈബിളിലെ സാധാരണ ഒരു ഭാവനയാണ്. ചിലപ്പോൾ

ആളുകളേയോ അല്ലെങ്കിൽ ദൈവരാജ്യത്തേയോ ആണ് പ്രതിനിധാനം ചെയ്യുന്നത് (20:1 ന്റെ പരാമർശം നോക്കുക).

ആ ആചാരത്തിൽ മക്കൾ അമ്മയപ്പന്മാരെ ബഹുമാനിച്ച് അനുസരിച്ചിരുന്നു, പ്രത്യേകിച്ച് അവർ അവരുടെ വീട്ടിൽ താമസിക്കുമ്പോൾ.[1] ആ സംഭവത്തിലെ മനുഷ്യൻ ദൈവത്തെ പ്രതിനിധാനം ചെയ്യുന്നു, എന്നാൽ പുത്രന്മാർ പ്രതിനിധീകരിക്കുന്നത് വ്യത്യസ്തരായ രണ്ടുകൂട്ടം യഹൂദന്മാരെയാണ്. പിതാവിന്റെ ആവശ്യം അനുസരിച്ച്, ഒന്നാമത്തവൻ പെട്ടെന്ന് **"ഞാൻ പോകുകയില്ല"** എന്ന് മറുപടി പറഞ്ഞു; എന്നാൽ പിന്നീട് അവൻ മനസ് മാറ്റി തോട്ടത്തിൽ ജോലി **ചെയ്യുവാൻ** പോയി.[2] അത് പ്രതിനിധാനം ചെയ്യുന്നത് ആദ്യം ദൈവത്തോട് മത്സരിച്ച്, പിന്നീട് മാനസാന്തരപ്പെട്ടവരെയാണ്. **അപ്പൻ അതേ ആവശ്യം രണ്ടാമത്തെ മകനോടു പറഞ്ഞപ്പോൾ, അവൻ പെട്ടെന്ന്, "ഞാൻ പോകാം, അപ്പാ"** എന്നു പറഞ്ഞു; **എന്നാൽ** [പിന്നെ] **അവൻ പോയില്ല**. ഇവിടെ ദൈവത്തെ അനുസരിക്കുന്നു എന്ന് അവകാശപ്പെട്ട യെഹൂദന്മാർ വാസ്തവത്തിൽ അനുസരിച്ചില്ല എന്നു കാണിക്കുന്നു (23:3 നോക്കുക).

**വാക്യം 31**. ഉപമ പറഞ്ഞ ശേഷം, ആ പാണ്ഡിത്യമുള്ളവരോടു യേശു ഒരു ചോദ്യം ചോദിച്ചു: **"ആ രണ്ട് പുത്രന്മാരിൽ ആരാണ് അപ്പന്റെ ഇഷ്ടം ചെയ്തത്?"** അവർ തങ്ങളുടെ സ്വയം-കുറ്റം ചുമത്തലിനെകുറിച്ചാലോചിക്കാതെ പെട്ടെന്ന് **"ഒന്നാമത്തവൻ"** എന്ന് മറുപടി പറഞ്ഞു.

പിന്നെ കർത്താവ് ഈ പോയിന്റ് വെളിപ്പെടുത്തി: **"ചുങ്കക്കാരും വേശ്യകളും നിങ്ങൾക്കുമുമ്പേ ദൈവരാജ്യത്തിൽ പ്രവേശിക്കും എന്നു ഞാൻ സത്യമായും നിങ്ങളോടു പറയുന്നു."** മഹാ പുരോഹിതന്മാരും മൂപ്പന്മാരും ആ വെളിപ്പെടുത്തിയ വാക്കുകളിൽ കോപിഷ്ടരായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല (21:45, 46). ദുഷ്ടരായ ആളുകളെ മൊത്തത്തിൽ പറയുന്നതാണ് "ചുങ്കക്കാരും വേശ്യകളും" എന്ന പ്രയോഗം (5:46 ന്റെ പരാമർശം നോക്കുക). അത്തരം പാപികൾ യെഹൂദ മതാദ്ധ്യക്ഷന്മാർക്ക് മുമ്പായി രാജ്യത്തിൽ പ്രവേശിക്കുമെന്നത്, അവരുടെ മാറുവാൻ കഴിയാത്ത നിഗള ഭാവത്തെയാണ് കാണിക്കുന്നത്. ദൈവത്തിന് കീഴ്പ്പെടുവാൻ മനസില്ലാത്ത അവരുടെ ഹൃദയ കാഠിന്യം നിമിത്തം ദൈവരാജ്യത്തിന്റെ വാതിൽ അവർക്കെതിരായി അടച്ചുകളയുന്നു.

**വാക്യം 32**. ചില യെഹൂദ പ്രമാണിമാരായ, അരിമത്ഥ്യക്കാരനായ യോസേഫും, നിക്കൊദേമോസും യേശുവിന്റെ ശിഷ്യന്മാരാകുവാൻ തന്നത്താൻ താഴ്ത്തിയവരായിരുന്നു (27:57; മർ. 15:43; യോഹ. 19:38, 39); എന്നാൽ ഭൂരിഭാഗം പേരും മാറിയില്ല. അവരിൽ നിന്ന് വ്യത്യസ്തമായി, **ചുങ്കക്കാരും വേശ്യകളും** രാജ്യത്തിൽ പ്രവേശിക്കുമെന്ന് യേശു പറയുവാൻ കാരണം, അവർ തങ്ങളെ തന്നെ താഴ്ത്തി രാജ്യത്തിന്റെ സുവിശേഷം അനുസരിച്ചു.[3] മതാദ്ധ്യക്ഷന്മാർ **യോഹന്നാന്റെ** സന്ദേശം തള്ളിക്കളകയും(ക്രിസ്തുവിന്റേതും), എന്നാൽ പാപികൾ രക്ഷാ സന്ദേശം സ്വീകരിക്കുവാൻ തയ്യാറായിരുന്നു. അസംഖ്യം ആളുകൾ യോഹന്നാന്റെ മാനസാന്തരത്തിനുള്ള ക്ഷണവും, പാപമോചനത്തിനുള്ള സ്നാനവും സ്വീകരിക്കുന്നതിന് അവരുടെ ഹൃദയങ്ങളെ മൃദുലമാക്കിയില്ല.

## തോട്ടത്തിന്റേയും ഉടയവന്റേയും
## ഉപമ (21:33-46)

33“മറ്റൊരു ഉപമ കേൾപ്പിൻ. ഗൃഹസ്ഥനായോരു മനുഷ്യൻ ഒരു മുന്തി
രിത്തോട്ടം നട്ടുണ്ടാക്കി, അതിനു വേലികെട്ടി, അതിൽ ചക്കു കുഴിച്ചിട്ടു
ഗോപുരവും പണിതു; പിന്നെ കുടിയാന്മാരെ പാട്ടത്തിനു ഏല്പിച്ചിട്ടു പ
രദേശത്തു പോയി. 34ഫലകാലം സമീപിച്ചപ്പോൾ തനിക്കുള്ള അനുഭവം
വാങ്ങേണ്ടതിന്നു അവൻ ദാസന്മാരെ കുടിയാന്മാരുടെ അടുക്കൽ അയച്ചു.
35കുടിയാന്മാരോ അവന്റെ ദാസന്മാരെ പിടിച്ചു, ഒരുവനെ തല്ലി, ഒരുവനെ
കൊന്നു, മറ്റൊരുവനെ കല്ലെറിഞ്ഞു. 36അവൻ പിന്നെയും മുമ്പിലത്തേതിലും
അധികം ദാസന്മാരെ അയച്ചു; അവരോടും അവർ അങ്ങനെ തന്നേ ചെയ്തു.
37ഒടുവിൽ അവൻ: ‘എന്റെ മകനെ അവർ ശങ്കിക്കും’ എന്നു പറഞ്ഞു, മകനെ
അവരുടെ അടുക്കൽ അയച്ചു. 38മകനെ കണ്ടിട്ടു കുടിയാന്മാർ: ‘ഇവൻ അവ
കാശി; വരുവിൻ, നാം അവനെ കൊന്നു അവന്റെ അവകാശം കൈവശമാ
ക്കുക’ എന്നു തമ്മിൽ പറഞ്ഞു, 39അവനെ പിടിച്ചു തോട്ടത്തിൽ നിന്നു പു
റത്താക്കി കൊന്നുകളഞ്ഞു. 40ആകയാൽ മുന്തിരിത്തോട്ടത്തിൻെറ ഉടയവൻ
വരുമ്പോൾ ആ കുടിയാന്മാരോട് എന്തു ചെയ്യും.” 41“അവൻ ആ വല്ലാത്ത
വരെ വല്ലാതെ നിഗ്രഹിച്ചു തക്കസമയത്തു അനുഭവം കൊടുക്കുന്ന വേറെ
കുടിയാന്മാർക്കു തോട്ടം ഏല്പിക്കും” എന്നു അവർ അവനോടു പറഞ്ഞു.

42യേശു അവരോട്:
“വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ലു
മൂലക്കല്ലായി തീർന്നിരിക്കുന്നു;
ഇതു കർത്താവിനാൽ സംഭവിച്ചു
നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യമായിരിക്കുന്നു
എന്നു നിങ്ങൾ തിരുവെഴുത്തുകളിൽ ഒരിക്കലും വായിച്ചിട്ടില്ലയോ”?

43അതുകൊണ്ട് ദൈവരാജ്യം നിങ്ങളുടെ പക്കൽനിന്ന് എടുത്ത് അതിന്റെ
ഫലം കൊടുക്കുന്ന ജാതിക്കു കൊടുക്കും എന്നു ഞാൻ നിങ്ങളോടു പ
റയുന്നു. 44ഈ കല്ലിന്മേൽ വീഴുന്നവൻ തകർന്നു പോകും; അതു ആരുടെ
മേൽ എങ്കിലും വീണാൽ അവനെ ധൂളിപ്പിക്കും എന്നു പറഞ്ഞു. 45അവന്റെ
ഉപമകളെ മഹാപുരോഹിതന്മാരും പരീശന്മാരും കേട്ടിട്ടു, തങ്ങളെക്കൊണ്ടു
പറയുന്നു എന്നു അറിഞ്ഞു, 46അവനെ പിടിപ്പാൻ അന്വേഷിച്ചു; എന്നാൽ പു
രുഷാരം അവനെ പ്രവാചകൻ എന്നു എണ്ണുകകൊണ്ടു അവരെ ഭയപ്പെട്ടു.

**വാക്യം 33.** യേശു തുടർന്നു, “**മറ്റൊരു ഉപമ കേൾക്കുക,**” ഈ സമയത്ത് യേശു പറഞ്ഞ മൂന്നു ഉപമകളിൽ രണ്ടാമത്തേതാണ് ഇത് (21:28–22:14). കഴിഞ്ഞ ഉപമയിൽ, അവൻ ഒരു ചോദ്യം ചോദിച്ചുകൊണ്ടാണ് അവൻ സദസ്യരുടെ ശ്രദ്ധ ക്ഷണിച്ചത്, “നിങ്ങൾക്ക് എന്തു തോന്നുന്നു?” (21:28). ഈ സംഭവത്തിൽ, ആജ്ഞാ സ്വാഭാവത്തിലാണ് പറഞ്ഞത്, “കേൾക്കുക.” അവൻ അപ്പോഴും മഹാപുരോഹിതന്മാരേയും മൂപ്പന്മാരേയുമാണ് സംബോധന ചെയ്യുന്നത് (21:23, 28), ഒരിക്കൽകൂടെ ഉപമ അവർക്കെതിരായിരുന്നു (21:45, 46).

ഈ ഉപമ അവതരിപ്പിച്ച്, മുൻപ് യെശയ്യാവ് മുന്നറിയിച്ചതിനേയും അവൻ

ഓർപ്പിച്ചു (യെശ. 5:1-7). ഒരു മനുഷ്യനും തോട്ടവും എടുത്ത് യിസ്രായേലിനേയും യെഹൂദയെയും താരതമ്യം ചെയ്തായിരുന്നു യെശയ്യാവ് മുന്നറിയിച്ചത്:

അവൻ അതിനു വേലി കെട്ടി, അതിലെ കല്ലു പെറുക്കിക്കളഞ്ഞു,
അതിൽ നല്ലവക മുന്തിരിവള്ളി നട്ടു,
നടുവിൽ ഒരു ഗോപുരം പണിതു,
ഒരു ചക്കും ഇട്ടു, മുന്തിരിങ്ങ
കായ്ക്കും എന്നു അവൻ കാത്തിരുന്നു;
കായിച്ചതോ കാട്ടുമുന്തിരിങ്ങയത്രേ (യെശ. 5:2).

ഈ ഉപമകളിലെ ഒരു മുഖ്യ വ്യത്യാസം ശ്രദ്ധിക്കണം: മത്തായി 21-ൽ, പ്രശ്നം കുടിയാന്മാർക്കായിരുന്നു (യെഹൂദ മതാദ്ധ്യക്ഷന്മാർ), അവിടെ, യെശയ്യാവ് 5-ൽ അത് മുന്തിരിയെയാണ് പറഞ്ഞിരിക്കുന്നത് (യിസ്രായേലും യെഹൂദയും). എന്നിരുന്നാലും, രണ്ട് ഉപമകൾക്കും അടിസ്ഥാനപരമായി ഒരേ ഫലമാണ് - ഉടമസ്ഥന് ഒരു ഫലവുമില്ല.

യേശു ഇങ്ങനെ പറഞ്ഞു ഉപമ തുടങ്ങി, "**ഗൃഹസ്ഥനായോരു മനുഷ്യൻ ഒരു മുന്തിരിത്തോട്ടം നട്ടുണ്ടാക്കി.**" മറ്റു ഉപമകളിലേതു പോലെ, ഉടയവൻ ദൈവത്തെയാണ് പ്രതിനിധീകരിക്കുന്നത് (20:1 ന്റെ പരാമർശം നോക്കുക), തോട്ടം ദൈവരാജ്യത്തിലെ ആളുകൾ ആണ് (21:43). തോട്ടം സംരക്ഷിക്കുന്നതിനും നന്നായി ഫലം പുറപ്പെടുവിക്കുന്നതിനും ഗൃഹസ്ഥൻ എല്ലാ ഏർപ്പാടുകളും ചെയ്തിരുന്നു. ഒരുക്കങ്ങൾ തെളിയിക്കുന്നത് തോട്ടത്തെക്കുറിച്ചുള്ള അവന്റെ കരുതലും തികഞ്ഞ ഉടമസ്ഥതയേയുമാണ്.

ഒന്ന്, ഗൃഹസ്ഥൻ **തോട്ടത്തിനു ചുറ്റും ഒരു വേലി** കെട്ടി. "വേലി" (*ഫ്രാഗ്മോസ്*) എന്നത് "വലയം," "മതിൽ," അല്ലെങ്കിൽ "ചുറ്റിവളയുക" എന്നും തർജ്ജിമ ചെയ്യാം. കല്ലുകൊണ്ടുള്ള മതിൽ പണിയുന്നത് അന്നു പതിവായിരുന്നു (സംഖ്യ. 22:24; സദൃശ. 24:30, 31) അല്ലെങ്കിൽ മുൾച്ചെടികൾ ചുറ്റും പിടിപ്പിക്കുമായിരുന്നു (സദൃശ. 15:19; ഹോശെ. 2:6) അത് മൃഗങ്ങളിൽ നിന്നും കള്ളന്മാരിൽ നിന്നും സംരക്ഷിക്കുന്നതിനായിരുന്നു (സങ്കീ. 80:12, 13).

അടുത്തത്, ആ മനുഷ്യൻ വിളവു പ്രതീക്ഷിച്ച്, **ഒരു ചക്ക് കുഴിച്ചിട്ടു**. ഒരു "ചക്ക്" (*ലെനോസ്*) ഉപയോഗിച്ചിരുന്നത് മുന്തിരി ആട്ടി അതിൽ നിന്ന് ജ്യൂസ് എടുക്കുന്നതിനായിരുന്നു. പ്രത്യേകമായി രണ്ടു പാത്രങ്ങൾ - ഒന്ന് മുകളിലും മറ്റൊന്ന് താഴെയും വെക്കും - അത് ഉറപ്പുള്ള ഒന്നോ രണ്ടോ അടി ആഴമുള്ള പാറയായിരിക്കും. ഉറപ്പുള്ള പാറ ലഭിച്ചില്ലെങ്കിൽ നിരപ്പുള്ള പാറ കാണുന്നതു വരെ കുഴിച്ച് പ്ലാസ്റ്റർ ചെയ്യും. വിളവെടുപ്പു കാലത്ത്, മുന്തിരി ആട്ടിയിരുന്നത് യുവാക്കളായിരുന്നു. മുകളിലുള്ള പാത്രത്തിലേക്ക് മുന്തിരി ആട്ടിയ ശേഷം പുറമേയുള്ള ഒരു ദ്വാരത്തിലുടെ താഴത്തെ പാത്രത്തിലേക്ക് ഒഴുകും. പിന്നീട്, വീഞ്ഞ് വീര്യത്തിനായി തുരുത്തിയിലാക്കും. മുന്തിരി ആട്ടുന്നത് സന്തോഷത്തിന്റെയും ആഘോഷത്തിന്റെയും സമയമായിരിക്കും (യെശ. 16:10).

അവസാനം, ഗൃഹസ്ഥൻ ഉൽപ്പന്നം കവർച്ചക്കാർ മോഷ്ടിക്കുന്നുണ്ടോ എന്നറിയുവാൻ ചുറ്റും കാണത്തക്കവിധം കാവൽക്കാരെ ആക്കുവാൻ **ഒരു ഗോപുരം പണിതു** (2 ദിന. 26:10; ഉത്ത. 2:15). ഒരു "ഗോപുരം" (*പർഗോസ്*) തോട്ടത്തിൽ പണിയുന്നത് ഏതാണ്ട് പത്തടി ഉയരത്തിലായിരിക്കും. തറയിൽ കല്ലുകൊണ്ട് പണിതാണ് താമസയോഗ്യമാക്കുന്നത്. അതിന്റെ മുകളിൽ വൃക്ഷ

കൊമ്പുകളാൽ പണിയും.[4] അവിടെ നിന്നു നോക്കിയാൽ തോട്ടക്കാരന് തോട്ടം മുഴുവനും കാണാം. വിളവെടുപ്പു കാലത്ത് തോട്ടം സംരക്ഷിക്കുവാൻ കാവൽക്കാരെ തുടർച്ചയായി കൂലിക്ക് ആക്കും.

തോട്ടത്തിന് ഈ ഏർപ്പാടുകളെല്ലാം ചെയ്തശേഷം, **കുടിയാ–ന്മാരെ പാട്ടത്തിനു ഏല്പിച്ചിട്ടു ഉടയവൻ പരദേശത്തു പോയി**. അത് വളർത്തുന്നതും, വെട്ടി ഭംഗിയാക്കുന്നതും, നല്ല വിളവെടുപ്പിന് ശ്രദ്ധിക്കേണ്ടതും അവരുടെ ഉത്തരവാദിത്വമായിരുന്നു. ആ കാലത്ത് പാലസ്ഥീനിൽ വലിയ തോട്ടങ്ങൾ വെച്ചു പിടിപ്പിക്കുന്നതു സാധാരണയായിരുന്നു. അവ സ്വന്തമാക്കിയിരുന്നത് ഒന്നുകിൽ സമ്പന്നരായ യെഹൂദന്മാർ അല്ലെങ്കിൽ വിദേശികൾ, സാധുക്കൾ ആയ യെഹൂദ കർഷകർക്ക് പാട്ടത്തിന് കൊടുക്കുമായിരുന്നു.[5] ഈ ഉപമയിലെ കുടിയാന്മാർ പ്രതിനിധാനം ചെയ്യുന്നത് യെഹൂദ അദ്ധ്യക്ഷന്മാരെയാണ് (21:45).

**വാക്യം 34. വിളവെടുപ്പു കാലം** അക്ഷരീകമായി "ഫലകാലം ആണ്" (കെജെവി). ആ കാലം വരുമ്പോൾ, ഗൃഹസ്ഥൻ തന്റെ **ദാസന്മാരെ തന്റ വിളവ്** കുടിയാന്മാരിൽ നിന്ന് **ശേഖരിപ്പാൻ അയക്കും** ("ഫലങ്ങൾ"; കെജെവി). ആ ഏർപ്പാട് വിളവെടുപ്പ് പങ്കിടുന്നത് പോലെയായിരുന്നു.

കുടിയാന്മാർ സ്ഥലം ഉടമക്ക് പാട്ടം കൊടുത്തിരുന്നത് ഉത്തമ ഗീതത്തിൽ കാണാം:

> "ശലോമോന് ബാൽഹാമോനിൽ ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു;
> ആ മുന്തിരിത്തോട്ടം അവൻ കാവൽക്കാരെ ഏല്പിച്ചു;
> അതിന്റെ പാട്ടമായിട്ട്, ഓരോരുത്തൻ ആയിരം പണം വീതം
> കൊണ്ടുവരേണ്ടിയിരുന്നു" (ഉത്ത. 8:11).

ഈ സംഭവത്തിൽ, ഫലം വിറ്റ് രാജാവിന് പണമാണ് കൊടുത്തത്. ഫലം കാക്കുന്നവർക്ക് പ്രതിഫലം ഇരുന്നൂറു പണവുമായിരുന്നു (ഉത്ത. 8:12). ഭൂരിഭാഗവും ലാഭം ഉടമസ്ഥനായിരുന്നു. കാരണം തോട്ടം അവന്റേതായിരുന്നു.

ഈ ഉപമയിൽ, ഉടമസ്ഥന് തന്റെ ഫലം ശേഖരിക്കുവാൻ അവകാശമുണ്ടായിരുന്നു. അവൻ ചുരുങ്ങിയ സമയത്തിനുള്ളിൽ ഫലം ശേഖരിച്ചില്ലെങ്കിൽ, ഗൃഹസ്ഥർക്ക് അവകാശം തന്നെ നഷ്ടമാകും; കുടിയാന്മാർക്ക് നിയമപരമായ അവകാശം ഉണ്ടായിരുന്നു. മിഷ്നാ പറയുന്നതനുസരിച്ച്, മൂന്നു വിളവെടുപ്പുകാലം അല്ലെങ്കിൽ മുന്നു വർഷം തുടർച്ചയായി ഉടമസ്ഥന് അവകാശമില്ലാതെ വന്നാൽ തോട്ടം കുടിയാനുള്ളതാണെന്നു തെളിയും.[6] ആ നടപടിയെ *ഹസാക്കാഹ്* എന്നാണ് പറഞ്ഞിരിക്കുന്നത്. എങ്ങനെയായാലും, കുടിയാന്മാരിൽ നിന്ന് ഫലം ശേഖരിക്കുന്നത് തന്റെ ഉടമസ്ഥാവകാശം നീക്കം ചെയ്യുന്നില്ലാ എന്നതിന്റെ ഉറപ്പാകുന്നു. താൽമൂദ് പറയുന്നു, "ഒരു ചെറിയ സ്ഥലം [അവകാശപ്പെടുന്നയാൾ] [കൈവശാവകാശക്കാരനെ] അവന്റെ ചുമലിലേക്ക് ഒരു കുട്ട ഫലം എടുത്തു വെപ്പാൻ സഹായിച്ചാൽ ആ [വസ്തു] പിന്നെ രണ്ടാമത്തെയാളുടേതായി തീരുന്നു."[7] ലിയോൺ മോറിസ് എഴുതി,

> ഒരു പുതിയ തോട്ടത്തിൽ നാലാമത്തെയും അഞ്ചാമത്തെയും വർഷം വരെ കൂടുതൽ ഫലം പ്രതീക്ഷിച്ചിരുന്നില്ല ... ഉടമസ്ഥൻ ഫലം ശേഖരിച്ച്, വളരെ ചെറിയ സംഖ്യയാണെങ്കിലും തന്റെ ഉടമസ്ഥത നിലനിർത്തി,

ഈ കാലമത്രയും തോട്ടം തന്റെ ഉടമസ്ഥാവകാശത്തിലുള്ളതാണെന്നു സ്ഥിരീകരിച്ചിരുന്നു.[8]

**വാക്യം 35**. കുടിയാന്മാർ തോട്ടം തങ്ങളുടേതാക്കുവാൻ എല്ലാ പരിശ്രമവും നടത്തിയിരുന്നു. അവർ ഫലം ശേഖരിക്കുവാൻ വന്ന ഉടമസ്ഥന്റെ **ദാസന്മാരോട്** മോശമായി പെരുമാറിയിരുന്നു: **അവർ ഒരാളെ അടിക്കുകയും, മറ്റൊരാളെ കൊല്ലുകയും മൂന്നാമത്തെയാളെ കല്ലെറിയുകയും ചെയ്തിരുന്നു**. നമ്മെപ്പോലെ, യേശുവിന്റെ ശ്രോതാക്കൾക്കും ആ കുടിയാന്മാരോടു ദേഷ്യം തോന്നി. നിരപരാധികളേയും, പ്രതിരോധിക്കാത്തവരേയും കൊല്ലുന്നത് അധാർമികതയായിരുന്നു.[9] മാനസാന്തരത്തിന്റെ ഫലം പുറപ്പെടുവിക്കുവാൻ, ദൈവം തന്റെ ജനത്തോട് ആഹ്വാനം ചെയ്യുവാനും പഴയ നിയമ കാലത്ത് അയക്കപ്പെട്ട ദാസന്മാരായിരുന്നു പ്രവാചകന്മാർ (യെശ. 5:4 നോക്കുക). യിസ്രായേൽ പ്രവാചകന്മാരെ ശ്രദ്ധിക്കുവാൻ കൂട്ടാക്കിയില്ല അവർ അവരെ കല്ലെറിയുകയും ചിലരെ കൊല്ലുകയും ചെയ്യും.[10]

**വാക്യം 36**. അസാധാരണ കൃപകാണിച്ച് ഉടമസ്ഥൻ കുടിയാന്മാരെ പെട്ടെന്ന് നിർബന്ധിച്ച് ഒഴിപ്പിച്ചിരുന്നില്ല. **പകരം, ആദ്യം അയച്ച ദാസന്മാരെക്കാൾ അധികം ദാസന്മാരെ പിന്നീട് അയച്ചു** തന്റെ അവകാശം കരസ്തമാക്കുവാൻ ശ്രമിച്ചു. ആ ദുഷ്ടരായ കുടിയാന്മാർ ഈ ദാസന്മാരോടും **അങ്ങനെ തന്നെ** ചെയ്തു. ഉടമസ്ഥന്റെ പ്രവൃത്തികളെ പ്രതിനിധീകരിക്കുന്നത് യിസ്രായേൽ ജനത്തിനു വേണ്ടി ... തലമുറകൾ തലമുറകളായി പ്രവാചകന്മാരെ അയച്ചത് ദൈവത്തിന്റെ ദീർഘ ക്ഷമയും മനസലിവും കാണിക്കുന്നതാണ്.[11]

**വാക്യം 37**. ആ ദുഷ്ടമനുഷ്യരോട് ന്യായവിധി നടത്തുന്നതിനു പകരം, കുടിയാന്മാർക്ക് തന്നോടുള്ള കടമ നിർവ്വഹിക്കുവാൻ അവസാനമായി ഒരവസരം കൂടെ നൽകി. **തന്റെ മകനെ**, കുടിയാന്മാർ ഉപദ്രവിക്കാതെ **ബഹുമാനിക്കു**മെന്നു കരുതി ഉടമസ്ഥൻ അവനെ അവരുടെ അടുക്കലേക്കു അയച്ചു. മർക്കൊസ് അവനെ "പ്രിയ പുത്രൻ" എന്നാണ് പറഞ്ഞിരിക്കുന്നത് (മർ. 12:6). വാക്യം 38-ൽ, കുടിയാന്മാർ അവനെ "അവകാശി" എന്നാണ് വിളിച്ചത്. ആ പുത്രൻ യേശുവിനെയാണ് പ്രതിനിധീകരിക്കുന്നത്, അവൻ "ദൈവത്തിന്റെ ഏക ജാതൻ" ആയിരുന്നു (3:17; 17:5). ഈ ഉപമയിലെ പല ആശയങ്ങളും എബ്രായ പുസ്തകത്തിലെ ആരംഭ വാക്യങ്ങളിൽ യോജിപ്പിച്ച് പറഞ്ഞിരിക്കുന്നു:

> *ദൈവം* പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും *പ്രവാചകന്മാർ* മുഖാന്തരം *പിതാക്കന്മാരോടു* അരുളിച്ചെയ്തിട്ടു ഈ അന്ത്യകാലത്തു *തന്റെ പുത്രൻ* മുഖാന്തരം നമ്മോടു അരുളിചെയ്തിരിക്കുന്നു. അവനെ താൻ സകലത്തിന്നും *അവകാശി*യാക്കി വെച്ചു; അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി (എബ്രാ. 1:1, 2; എംഫസിസ് ആഡഡ്).

**വാക്യം 38**. കുടിയാന്മാർ ഉടമസ്ഥന്റെ മകനെ കണ്ടപ്പോൾ, അവൻ തോട്ടത്തിന്റെ **അവകാശി** എന്നു തിരിച്ചറിഞ്ഞു. **അവനെ കൊന്ന്, തോട്ടം അവകാശമാക്കുവാൻ അവർ കൂടിയാലോചിച്ചു**. അവനെ "അവകാശി" എന്ന് അവർ തിരിച്ചറിഞ്ഞപ്പോൾ, അവന്റെ അപ്പൻ മരിച്ചുപോയതുകൊണ്ട്, അവകാശം അവനു എഴുതി കൊടുത്തിരിക്കാം എന്ന് അവർ വിചാരിച്ചു. എങ്ങനെയായാ

ലും, തോട്ടം തങ്ങൾക്ക് അവകാശമാക്കുവാൻ തടസമായി നിൽക്കുന്നത് പുത്രനാണെന്നും ആകയാൽ അവനെ ഇല്ലാതാക്കേണ്ടത് ആവശ്യമാണെന്നും അവർ വിചാരിച്ചു (1 രാജാ. 21 നോക്കുക).

അതേപോല, തങ്ങളുടെ അധികാരസ്ഥാനങ്ങൾക്കും ആളുകൾക്കും ഒരു ഭീഷണിയായിട്ടായിരുന്നു യെഹൂദ മതാദ്ധ്യക്ഷന്മാർ യേശുവിനെ കണ്ടത്. യോഹന്നാൻ 11:47–53 വായിച്ചാൽ, യേശുവിനെ ഇത്തരത്തിൽ അത്ഭുതം ചെയ്യുവാൻ അനുവദിച്ചാൽ, കൂടുതൽ കൂടുതൽ ആളുകൾ അവനിൽ വിശ്വസിക്കും. മശിഹ എന്ന യേശുവിന്റെ ബഹുമതി റോമൻ ആക്രമണത്തിനു കാരണമാകും, അത് തങ്ങളുടെ ദേശത്തിന്റെ വീഴ്ച്ചക്കിടയാക്കുമെന്ന് അവർ കരുതി. ഒരു ദേശം മുഴുവൻ പരാജയപ്പെടുന്നതിനും, കഷ്ടപ്പെടുന്നതിനും പകരം ഒരാൾ മരിക്കുന്നതാണ് നല്ലതെന്നതായിരുന്നു അവരുടെ തത്വം. ആളുകളിന്മേലുള്ള തങ്ങളുടെ ശക്തി നഷ്ടമാക്കുവാൻ അവർ തയ്യാറായില്ല, അതുകൊണ്ട്, അവർ യേശുവിനെ കൊല്ലുവാൻ തീരുമാനിച്ചു.

**വാക്യം 39**. കുടിയാന്മാർ ഉടമസ്ഥന്റെ മകനെ പിടിച്ചു, **തോട്ടത്തിൽനിന്നു പുറത്താക്കി, അവനെ കൊന്നുകളഞ്ഞു**. മർക്കൊസ് 12:8-ൽ ക്രമം തിരിച്ച് പറഞ്ഞിരിക്കുന്നു; അവർ മകനെ കൊന്നു, തോട്ടത്തിനു പുറത്തേക്ക് എറിഞ്ഞു കളഞ്ഞു. യേശു ഉപമയിൽ ആരംഭത്തിൽ പറഞ്ഞതായിരിക്കാം ഒരുപക്ഷെ മത്തായി പറഞ്ഞ ക്രമത്തിൽ പ്രതിഫലിപ്പിക്കുന്നത്.[12] ശരിയായി തോന്നുന്ന രണ്ട് വിശദീകരണങ്ങൾ ഈ സംഭവങ്ങളിൽ നമുക്ക് കാണാം. പുത്രനെ കൊല്ലുന്നതിനു മുൻപ് തോട്ടത്തിൽനിന്നു പുറത്താക്കുന്നത് ശുദ്ധീകരണത്തെ വെളിപ്പെടുത്തുന്നു. കുടിയാന്മാർ അവനെ തോട്ടത്തിൽ വെച്ചു കൊന്നാൽ, തോട്ടം അശുദ്ധമാകും. തൽഫലമായി, അവരുടെ ഉൽപന്നങ്ങൾ അശുദ്ധമാകും, പിന്നെ അതു വിൽക്കുവാൻ പ്രയാസമായിരിക്കും എന്നാണ് മോറിസ് പറഞ്ഞത്.[13] യേശുവിനെ ക്രൂശിൽ തറെക്കുന്നിനു മുൻപ് അവനെ യെരുശലേമിൽനിന്നു പുറത്താക്കിയതിനെ പ്രതിഫലിപ്പിക്കുന്നതാണ് രണ്ടാമത്തെ ആശയം (യോഹ. 19:17, 20); അവൻ "നഗരവാതിലിന് പുറത്തു വെച്ചായിരുന്നു കഷ്ടതയേറ്റത്" (എബ്രാ. 13:12).

താൻ ഉടനെ മരിക്കുവാൻ പോകുന്നു എന്ന് ക്രിസ്തു വ്യക്തമായി തന്റെ ശിഷ്യന്മാരോട് പറഞ്ഞിരുന്നു (യോഹ. 16:21; 17:22, 23; 20:18, 19). ഈ അവസരത്തിൽ, അതേ സത്യം അവൻ തന്റെ ശത്രുക്കളോടും പറഞ്ഞു; എങ്ങനെയായാലും, ആസന്നമായ അവന്റെ മരണത്തെ അവൻ ഒരു ഉപമയിൽ പൊതിഞ്ഞായിരുന്നു പറഞ്ഞത്.

**വാക്യങ്ങൾ 40, 41.** ഉപമയുടെ അവസാനം, തന്റെ മകനെ കൊന്ന കുടിയാന്മാരോട്, **ഉടമസ്ഥൻ** എങ്ങനെ പ്രതികരിക്കുമെന്ന് അവൻ യെഹൂദ മതാദ്ധ്യക്ഷന്മാരോട് ചോദിച്ചു. അദ്ധ്യക്ഷന്മാർ പ്രതികരിച്ചു, "**അവൻ ആ വല്ലാത്തവരെ വല്ലാതെ നിഗ്രഹിച്ച്, തക്കസമയത്ത് അനുഭവം കൊടുക്കുന്ന വേറെ കുടിയാന്മാർക്ക് കൊടുക്കും എന്നു പറഞ്ഞു**." ആ വാക്യത്തിൽ അവർ ആവർത്തിച്ചിരുന്ന വാക്കുകൾ കൂടിയാന്മാരുടെ ദുഷ്പ്രവൃത്തി വെളിവാക്കുന്നതായിരുന്നു: "വല്ലാത്തവരെ ... വല്ലാതെ നിഗ്രഹിക്കുക" (*കാകൗസ് കാകോസ്*). ഉടമസ്ഥൻ വരുമെന്നോ, തങ്ങളോട് പ്രതികാരം വീട്ടുമെന്നോ കുടിയാന്മാർ വിചാരിക്കാതിരുന്നത് നമ്മെ വിസ്മയിപ്പിക്കുന്നു. ഒരു ദാസൻ ഉടമസ്ഥനെ കൊന്നാൽ, പ്രതികാരമായി അവന്റെ ദാസന്മാരെയെല്ലാം കൊല്ലുന്നതാണ് റോമാ പതിവ്.[14] തോട്ടമുടയവന്റെ മകനെ കൊന്ന കുടിയാന്മാർക്ക്

അതിൽ കുറഞ്ഞു മറ്റൊന്നും പ്രതീക്ഷിക്കുവാനില്ലായിരുന്നു.

ഒരിക്കൽ കൂടെ, യെഹൂദ മതാദ്ധ്യക്ഷന്മാർ പറഞ്ഞ ഉത്തരത്തിൽ യാതൊരു തെറ്റിദ്ധാരണക്കുമിടയില്ലാത്തവണ്ണം ശരിയായി തന്നെ മറുപടി പറഞ്ഞു (21:31; 2 ശമു. 12:5-7). ആ ഉപമ അവരെ എങ്ങനെ ബാധിക്കുമെന്ന് തിരിച്ചറിയുവാൻ കഴിയാതെ, ദൈവജനത്തിന്മേൽ അധികാരം നടത്തുവാനുള്ള യോഗ്യത തങ്ങൾക്കില്ല എന്ന് ഉത്തരത്തിലുടെ തെളിയിച്ചു. ദൈവരാജ്യത്തിലുള്ള തങ്ങളുടെ അധികാരത്തെയും സ്ഥാനത്തേയും അവർ സ്വയം തള്ളിക്കളഞ്ഞു. അവർ അവന്റെ പ്രവാചകന്മാരെ ആദ്യം കൊന്നുകളഞ്ഞു, അവസാനം അവന്റെ പുത്രനെയും കൊന്നു. എങ്കിലും, ദൈവം അവരുടെ മൽസരത്തിനും, അക്രമത്തിനും പ്രതികാരം കൊടുക്കും. ഏകദേശം നാൽപതു വർഷങ്ങൾക്ക് ശേഷം ഏ. ഡി. 70-ൽ യെരുശലേമിനെയും ദൈവാലയത്തേയും നശിപ്പിച്ച് ആ ന്യായവിധി നടപ്പാക്കി.

**വാക്യം 42**. ഒരു ചോദ്യത്താൽ കർത്താവ് ഉപമയുടെ പ്രായോഗികത വിശദമാക്കി, "നിങ്ങൾ ഒരിക്കലും തിരുവെഴുത്ത് വായിച്ചിട്ടില്ലയോ ...?" റബ്ബിമാരുടെ ചർച്ചകളിലും വാദങ്ങളിലും കേട്ടിരുന്ന ഭാഷ അവനും ഇടക്കിടക്ക് ഉപയോഗിച്ചിരുന്നു (12:3, 5; 19:4; 21:16; 22:31). ആ ചോദ്യം അവരെ ലജ്ജിപ്പിച്ചിരിക്കണം, കാരണം അവൻ ഔപചാരികമായി അവരുടെ പാഠശാലകളിൽ പഠിച്ചിട്ടില്ല.

യേശു തുടർന്നു സങ്കീർത്തനങ്ങൾ 118:22, 23 ഉദ്ധരിച്ചു:

**"വീട് പണിയുന്നവർ തള്ളിക്കളഞ്ഞ,**
**കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു,**
**ഇത് യഹോവയാൽ സംഭവിച്ചു;**
**നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യമായിരിക്കുന്നു."**

അതിന്റെ അർത്ഥം വളരെ വ്യക്തമായിരുന്നു: യേശു തന്നെയായിരുന്നു "മൂലക്കല്ല്," എന്നാൽ യെഹൂദമതാദ്ധ്യക്ഷന്മാർ അവനെ തള്ളിക്കളഞ്ഞു. അവർ തള്ളിക്കളഞ്ഞിട്ടും, അവൻ ദൈവത്തിന്റെ മന്ദിരത്തിന്റെ "മൂലക്കല്ലായി തീർന്നു."

സെപ്ത്വജിന്റിലെ ക്രിയാരൂപമാണ് മത്തായി പുതിയനിയമ ഗ്രീക്ക് വേദഭാഗത്ത് ഉപയോഗിച്ചത്. ആ വേദഭാഗം സ്പഷ്ടമായും പ്രാരംഭ പുതിയനിയമ സഭക്ക് വളരെ പ്രധാനപ്പെട്ടതായിരുന്നു. അത് സുവിശേഷങ്ങളിൽ മാത്രമല്ല കാണുന്നത് (21:42; മർ. 12:10, 11; ലൂക്കൊ. 20:17), എന്നാൽ അത് പ്രവൃത്തികൾ. 4:11 ലും 1 പത്രൊസ് 2:7 ലും കാണാം. ഈ അദ്ധ്യായത്തിൽ ഇത് രണ്ടാം പ്രാവശ്യമാണ് സങ്കീർത്തനങ്ങൾ 118 ഉദ്ധരിച്ചിരിക്കുന്നത് (21:9 ന്റെ പരാമർശം നോക്കുക).

**വാക്യം 43**. അവർ വിശ്വാസ വഞ്ചന കാണിച്ചതുകൊണ്ട്, **ദൈവരാജ്യം** അവരിൽനിന്നും എടുത്തുകളയുമെന്ന് യേശു യെഹൂദ മതാദ്ധ്യക്ഷന്മാരോട് പറഞ്ഞു, പിന്നെ അത് **ഫലം കൊടുക്കുന്നവർക്ക് നൽകുമെന്നും** പറഞ്ഞു. വിരോധാഭാസമായി, അവരുടെ വിലയിരുത്തലിനോട് യോജിക്കുന്നതായിരുന്നു അവന്റെ തീരുമാനം (21:41). ആ "പുതിയ ആളുകൾ" എന്നു പറയുന്നത് യെഹൂദനോ യവനനോ എന്നു വ്യത്യാസമില്ലാതെ കർത്താവിന്റെ കൃപയാലുള്ള ക്ഷണം സ്വീകരിക്കുന്ന എല്ലാവരെയും കുറിച്ചാണ് (1 പത്രൊ. 2:9, 10).

**വാക്യം 44**. പുരാതന കയ്യെഴുത്തു പ്രതികളിൽ ഈ വാക്യം കാണാത്ത

തുകൊണ്ട്, ലൂക്കൊസ് 20:18-ൽ നിന്നും ഒരു ശാസ്ത്രി ചേർത്തതായിരിക്കാം. എങ്ങനെയായാലും, ഗ്രീക്കിൽ ആ രണ്ടു വാക്യങ്ങളും ഒരുപോലെയല്ല. അതിലുപരിയായി, വിട്ടുപോയ വാക്യം 43 ന്റെ അവസാന ഭാഗം (*ഔട്ടെസ്*) ശാസ്ത്രി കാണാതെ, വാക്യം 44 ന്റെ അവസാനത്തിലായതായിരിക്കാം (*അവുട്ടോൺ*).[15]

കല്ലിന്റെ ഭാവന വാക്യം 42-ൽ തുടരുകയാണ്. പൊതുവായി പറഞ്ഞാൽ, **ഈ കല്ലിൽ വീഴുന്നവൻ** എന്നു പറഞ്ഞിരിക്കുന്നത് വിശ്വാസത്താലും, അനുസരണത്താലും ക്രിസ്തുവിന്റെ അടുക്കൽ വരുന്നതിനെ കുറിച്ചാണ്. അവന്റെ മാനസാന്തരത്തിന് **നുറുങ്ങൽ** ആവശ്യമാണ്. എങ്കിലും, അവനെ ക്രിസ്തു വിളക്കി സൗഖ്യമാക്കും. അതിൽനിന്നു വ്യത്യസ്തമായി ആ കല്ല് ആരുടെയെങ്കിലും മീതെ **വീണാൽ** അവൻ **പൊടിയായി** തീരും. ആ വ്യക്തി ന്യായവിധി നേരിടേണ്ടി വരും. ആ പ്രസ്താവന യേശുവിന്റെ ശ്രോതാക്കൾക്ക് പ്രത്യേക പ്രായോഗികത വരുത്തുന്നതായിരുന്നു: ക്രിസ്തുവിനെ തള്ളിക്കളഞ്ഞ യെഹൂദന്മാർ സൈന്യാധിപനായിരുന്ന ടൈറ്റസ് ഏഡി. 70-ൽ യെരുശലേമിനെ ഞെരുക്കി യെഹൂദ സമ്പദ് ഘടനയെത്തന്നെ അവസാനിപ്പിക്കുകയായിരുന്നു.

**വാക്യങ്ങൾ 45, 46.** യെഹൂദ മതാദ്ധ്യക്ഷന്മാർക്ക് ആ **ഉപമകളിൽ** അന്തർലീനമായിരുന്നത് മുഴുവൻ മനസിലാക്കുവാൻ കഴിഞ്ഞില്ലെങ്കിലും, ആ പാഠങ്ങൾ യേശു ഉദ്ദേശിച്ചത് അവരെയായിരുന്നു എന്ന് അവർ തിരിച്ചറിഞ്ഞു. അവനെ നശിപ്പിക്കുവാൻ അവർ മുൻപ് തന്നെ തീരുമാനിച്ചിരുന്നു, എന്നാൽ ആ സമയത്ത്, അവർ **ആളുകളെ ഭയപ്പെട്ടിരുന്നു**. യേശുവിന്റെ ശത്രുക്കൾ, അവന്റെ വിജയപ്രവേശനത്തിന് സാക്ഷികളായിരുന്നു, എത്ര ആളുകൾ അവനിൽ വിശ്വസിച്ചിരുന്നു എന്നും അവർ കണ്ടിരുന്നു. അവൻ ഒരു **പ്രവാചകൻ** ആയിരുന്നു. ആളുകൾ യോഹന്നാൻ സ്നാപകനെ വലിയ ഒരു പ്രവാചകനായി ബഹുമാനിച്ചിരുന്നതുപോലെ യേശുവിനെ കണ്ടിരുന്നു (21:26).

## രാജാവിന്റെ മകന്റെ കല്യാണ സദ്യയുടെ ഉപമ (22:1-14)

**1യേശു പിന്നെയും ഉപമകളായി അവരോട് സംസാരിച്ചതെന്തെന്നാൽ,
2"സ്വർഗ രാജ്യം തന്റെ പുത്രന്നു വേണ്ടി കല്യാണസദ്യ കഴിച്ച ഒരു രാജാവിനോട് സദൃശം." 3അവൻ കല്യാണത്തിന് ക്ഷണിച്ചവരെ വിളിക്കേണ്ടതിന്നു ദാസന്മാരെ പറഞ്ഞയച്ചു; അവർക്കോ വരുവാൻ മനസായില്ല. 4പിന്നെയും
അവൻ മറ്റു ദാസന്മാരെ അയച്ചു. 'എന്റെ മുത്താഴം ഒരുക്കി തീർന്നു, "എന്റെ കാളകളെയും തടിപ്പിച്ച മൃഗങ്ങളെയും അറുത്തു. എല്ലാം ഒരുങ്ങിയിരിക്കുന്നു. കല്യാണത്തിന്നു വരുവിൻ' " എന്ന് ക്ഷണിച്ചവരോട് പറയിച്ചു. 5അവർ അത്
കൂട്ടാക്കാതെ ഒരുത്തൻ തന്റെ നിലത്തിലേക്കും, മറ്റൊരുത്തൻ തന്റെ വ്യാപാരത്തിനും പൊയ്ക്കളഞ്ഞു. 6ശേഷമുള്ളവർ അവന്റെ ദാസന്മാരെ പിടിച്ച്
അപമാനിച്ചു കൊന്നുകളഞ്ഞു. 7രാജാവ് കോപിച്ചു സൈന്യങ്ങളെ അയച്ചു
ആ കുലപാതകന്മാരെ മുടിച്ചു അവരുടെ പട്ടണങ്ങളെ ചുട്ടുകളഞ്ഞു. 8പി
ന്നെ അവൻ ദാസന്മാരോട്, "കല്യാണം ഒരുങ്ങിയിരിക്കുന്നു, ക്ഷണിക്കപ്പെട്ടവരോ യോഗ്യരായില്ല. 9ആകയാൽ വഴിത്തലക്കൽ ചെന്നു കാണുന്നവരെ
ഒക്കെയും കല്യാണത്തിന്നു വിളിപ്പിൻ എന്നു പറഞ്ഞു." 10ആ ദാസന്മാർ
പെരുവഴികളിൽ പോയി കണ്ട ദുഷ്ടന്മാരെയും നല്ലവരെയും എല്ലാം കൂട്ടി**

**ക്കൊണ്ടു വന്നു; കല്യാണശാല വിരുന്നുകാരെ കൊണ്ടു നിറഞ്ഞു.**

**[11]"വിരുന്നുകാരെ നോക്കുവാൻ രാജാവ് അകത്ത് വന്നപ്പോൾ, കല്യാണവസ്ത്രം ധരിക്കാത്ത ഒരു മനുഷ്യനെ അവിടെ കണ്ടു. [12]'സ്നേഹിതാ, നീ കല്യാണവസ്ത്രം ഇല്ലാതെ ഇവിടെ അകത്തു വന്നത് എങ്ങനെ?' എന്നു ചോദിച്ചു. എന്നാൽ അവന്നു വാക്ക് മുട്ടിപ്പോയി. [13]രാജാവ് ശുശ്രൂഷക്കാരോട്, 'ഇവനെ കയ്യും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവിൻ; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും എന്നു പറഞ്ഞു.' [14]വിളിക്കപ്പെട്ടവർ അനേകം തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം."**

യെഹൂദമതാദ്ധ്യക്ഷന്മാരുടെ ചോദ്യത്തിനു മറുപടിയായി യേശു പറഞ്ഞ ഉപമകളിൽ മൂന്നാമത്തേതായിരുന്നു രാജാവിന്റെ മകന്റെ കല്യാണ സദ്യയെ കുറിച്ചുള്ള ഉപമ (21:28-32, 33-46; 22:1-14).[16] രാജ്യത്തെ സംബന്ധിച്ച ആ ഉപമ പ്രാഥമികമായി മതാദ്ധ്യക്ഷന്മാരെയും യെഹൂദന്മാരെയും കുറ്റം ചുമത്തുന്നതായിരുന്നു. വാഗ്ദാനം ചെയ്ത മശിഹയായി അവനെ സ്വീകരിക്കാതെ തുടർച്ചയായി തള്ളിക്കളഞ്ഞവരായിരുന്നു അവർ. അവരുടെ ത്യജിക്കലിന്റെ ഫലമായി, ദൈവം തിരഞ്ഞെടുത്ത ജനത്തെ അവൻ കഠിനമായി ശിക്ഷിക്കുകയാണ്. അവരെ പുറത്തു കളയുകയും, അവർ അയോഗ്യരായി കണക്കാക്കിയിരുന്ന (ശമര്യക്കാരെയും ജാതികളെയും) കൃപയാൽ ദൈവരാജ്യത്തിലേക്ക് ക്ഷണിക്കുകയും ചെയ്തു.

**വാക്യം 1.** അദ്ധ്യായം 21 അവസാനിക്കുമ്പോൾ, ആദ്യത്തെ രണ്ട് ഉപമകളും തങ്ങളെ കുറിച്ചു നേരിട്ടു പറയുന്നതാണെന്ന് മഹാപുരോഹിതന്മാരും പരീശന്മാരും ഇപ്പോൾ മനസിലാക്കുവാൻ തുടങ്ങി. അത് അവനോടുള്ള അവരുടെ ശത്രുത വർദ്ധിക്കുവാനിടയാക്കി. ഉടനെ അവർ അവനെ പിടിപ്പാൻ ആഗ്രഹിച്ചുവെങ്കിലും, ആളുകളെ ഭയന്നതിനാൽ, അപ്പോൾ അതു ചെയ്തില്ല (21:45, 46). യെഹൂദന്മാർ **യേശു**വിനോട് വിരോധം കാണിച്ചിട്ടും, അവൻ മൂന്നാമത്തെ ഉപമ അവരോട് പറഞ്ഞു: **അവൻ ഉപമകളാൽ വീണ്ടും അവരോട് സംസാരിച്ചു.** "ഉപമകൾ" എന്നു ബഹുവചനത്തിലാണ് ഉപയോഗിച്ചത്. എന്തുകൊണ്ടാണ് അങ്ങനെ? (1) ഈ സമയത്ത് അവൻ അവരോട് മൂന്ന് ഉപമകൾ പറയുന്നതുകൊണ്ടാകാം (21:28-22:14). (2) ഒരുപക്ഷെ ഈ മൂന്നാമത്തെ ഉപമക്ക് രണ്ട് ഭാഗങ്ങൾ ഉള്ളതുകൊണ്ടാകാം (22:1-10, 11-14). (3) രേഖപ്പെടുത്താത്ത വേറെയും ഉപമകൾ യേശു പറയുവാനിരിക്കുന്നതുകൊണ്ടുമാകാം.

**വാക്യം 2.** ഉപമകൾ പറയുന്നതിനു മുൻപ് യേശു ചിലപ്പോൾ "**സ്വർഗരാജ്യത്തെ താരതമ്യപ്പെടുത്തിയിരുന്നു**" അല്ലെങ്കിൽ "സ്വർഗരാജ്യം ഇതുപോലെയാണ്" എന്നു പറഞ്ഞിരുന്നു (13:24, 31, 33, 44, 45, 47; 18:23; 20:1; 25:1). ഇവിടെ **സ്വർഗരാജ്യം, ഒരു രാജാവ് തന്റെ മകന് കല്യാണ സദ്യ കഴിച്ചതിനോട് സാദൃശപ്പെടുത്തിയിരിക്കുകയാണ്.** രാജാവ് ദൈവത്തെയാണ് പ്രതിനിധാനം ചെയ്യുന്നത് (5:35; 18:23; 21:28, 33), എന്നാൽ രാജാവിന്റെ മകൻ, ദൈവപുത്രനായ, യേശുവിനെ സൂചിപ്പിക്കുന്നു (21:37 നോക്കുക). യേശുക്രിസ്തുവിനെ പലപ്പോഴും പുതിയ നിയമത്തിൽ മണവാളനായിട്ടാണ് പറയുന്നത് (9:15; 25:1; യോഹ. 3:29; എഫെ. 5:27; വെളി. 21:2, 9). ഇവിടെ മണവാട്ടിയെ കുറിച്ച് പറയുന്നില്ലെങ്കിലും, ദൈവരാജ്യം തന്നെയാണ് മണവാട്ടി - അതായത് ക്രിസ്തുവിന്റെ സഭ (എഫെ. 5:22-33).

പുരാതനകാലത്ത് രാജാക്കന്മാരും പ്രമുഖനേതാക്കന്മാരും തങ്ങളുടെ പുത്രന്മാരുടെ വിവാഹത്തിനു ആയിരത്തിലധികം വിരുന്നുകാരെ ക്ഷണിച്ച്, വിപുലമായ വിരുന്നാണ് ഒരുക്കിയിരുന്നത്.[17] റോബർട്ട് എച്ച്. മൗൺസ്, "വരുവാനുള്ള ജീവിതത്തിന്റെ അനുഗ്രഹത്തെ വിളിച്ചോതുന്നതാണ് പുരാതന വിവാഹ വിരുന്നിന് ക്ഷണിക്കുന്നവരുടെ എണ്ണം (ഉദാ., യെശ. 25:6 മുതൽ) പറഞ്ഞിരിക്കുന്നു. "അപ്പോൾ നാം അത്തരത്തിലാണ് ഈ ഉപമയെ വ്യാഖ്യാനിക്കേണ്ടതെന്ന് വ്യക്തമാക്കുന്നു."[18] അവസാനകാലത്തെ ദൈവരാജ്യത്തെ വിവരിക്കുവാൻ പിന്നീട് വിവാഹ വിരുന്ന് മത്തായിയിലും വെളിപ്പാടിലും ഉപയോഗിച്ചിട്ടുണ്ട് (25:10; വെളി. 19:7-9).

**വാക്യം 3**. മാനസാന്തരപ്പെട്ടില്ലെങ്കിൽ, വരുവാനുള്ള ന്യായവിധി നേരിടേണ്ടി വരുമെന്ന് മുന്നറിയിക്കുവാൻ ദൈവം അയച്ച പ്രവാചകന്മാരെയാണ് **ദാസന്മാർ** എന്നു ഉദ്ദേശിക്കുന്നത് (21:34 നോക്കുക). **ക്ഷണിക്കപ്പെട്ട വിരുന്നുകാരെ** ദാസന്മാർ പോയി വിരുന്നിനു വിളിച്ചപ്പോൾ, **അവർക്ക് വരുവാൻ മനസില്ലായിരുന്നു**.

മിക്ക സംസ്ക്കാരങ്ങളിലും വിവാഹം ആഘോഷത്തിന്റേയും സന്തോഷത്തിന്റേയും അവസരമാണ്, പ്രത്യേകിച്ച് യെഹൂദന്മാർക്കിടയിൽ അത് വാസ്തവമായിരുന്നു. അത്തരം വിവാഹത്തിനു ക്ഷണിക്കുന്നത് വലിയ മാന്യതയും, നിഷേധിക്കുന്നത് അപമാനവുമായിരുന്നു. ക്ഷണിക്കപ്പെട്ടവർക്ക് വിരുന്നിന് ഒരുങ്ങുവാൻ മതിയായ സമയം കൊടുത്തിരുന്നു; നേരിടുവാനുള്ള തടസങ്ങൾ അങ്ങനെ ഒഴിവാക്കുവാനും കഴിഞ്ഞിരുന്നു. സാധാരണ ഒരു പൗരന്റെ വിവാഹക്ഷണം നിരസിക്കുന്നത് അപമാനമാണെങ്കിൽ, ഒരു രാജാവിന്റെ മകന്റെ കല്യാണവിരുന്നിനുള്ള ക്ഷണം നിരസിക്കുന്നത് എത്ര കഠിനമായ പ്രവൃത്തിയാണെന്ന് ഓർക്കുക. ഉപമയിലെ സദ്യ രാജകിയവും, ധനികവും, സ്വാധീനപ്രദവുമായിരിക്കും.

ഇന്നത്തെ വിവാഹങ്ങളിൽനിന്നു വളരെ വ്യത്യസ്തമായിരുന്നു അന്നത്തെ യെഹൂദന്മാരുടെ വിവാഹാചാരം. ദമ്പതികൾക്ക് ആദ്യം ഒരു വിവാഹനിശ്ചയമുണ്ടായിരുന്നു, അതിൽ മിക്കവാറും വധുവിന്റേയും വരന്റേയും മാതാപിതാക്കൾ സന്നിഹിതരായിരിക്കും. നിശ്ചയത്തിനുശേഷം വിവാഹ വാഗ്ദാനവുമുണ്ട്. വിവാഹത്തിന് ഏതാനും മാസങ്ങൾ മുതൽ ഒരു വർഷം വരെ നീണ്ടുപോയേക്കാം. ഉപേക്ഷണത്താൽ മാത്രം വേർപിരിക്കാവുന്ന ഒരു വിവാഹ ഉടമ്പടിയാണ് അത്. അത്തരത്തിലുള്ള വിവാഹ നിശ്ചയം നമുക്ക് യോസേഫിന്റേയും മറിയയുടെയും വിവാഹത്തിൽ കാണാം. അവർ തമ്മിൽ ലൈംഗിക ബന്ധം പുലർത്തിയിരുന്നില്ലെങ്കിലും, അവർ ഭാര്യാ ഭർത്താക്കന്മാരായി കണക്കാക്കപ്പെട്ടിരുന്നു (1:18-21). വിവാഹത്തിന് കാത്തിരിക്കുന്ന കാലയളവിൽ, സ്ത്രീക്ക് വിവാഹനിശ്ചയം ചെയ്ത പുരുഷൻ മരിച്ചാൽ, അവളെ വിധവയായി പരിഗണിക്കണം.

വിവാഹനിശ്ചയം കഴിഞ്ഞാൽ, വിവാഹം നടക്കുന്നതിനു വളരെ മുൻപ് തന്നെ വിവാഹത്തിനും വിരുന്നിനും ക്ഷണിച്ചിരിക്കും. സാധാരണ ഔപചാരികമായ ആദ്യത്തെ ക്ഷണം നടത്തുന്നത് വിവാഹനിശ്ചയ സമയത്താണ്. പിന്നെ ഇടക്കുള്ള കാലദൈർഘ്യം നിമിത്തം വിവാഹസമയത്ത് വീണ്ടുമൊരു ക്ഷണം നടത്തും. ഒരുക്കങ്ങൾ എപ്പോൾ പൂർത്തിയാകുമെന്നറിയാത്തതുകൊണ്ട്, രണ്ടാമത്തെ ക്ഷണം വിവിധ സമയങ്ങളിലായിരിക്കും (ലൂക്കൊ. 14:16, 17).[19]

വിവാഹം അടുത്തിരിക്കുന്നു എന്ന് വിരുന്നുകാരെ തെരുവുകളിൽ കൂടെ

അറിയിക്കുന്ന വിളംബരവുമുണ്ടായിരുന്നു. അവർ ഒരുങ്ങുകയോ, ശരിയായ വസ്ത്രം ധരിക്കുകയോ ചെയ്തില്ലെങ്കിൽ, അവരെ വിവാഹാഘോഷത്തിൽ പങ്കെടുപ്പിക്കുമായിരുന്നില്ല. വിളംബരം നടത്തിയതിനുശേഷം, മണവാളൻ മണവാട്ടിയേയും വിരുന്നുകാരേയും കുട്ടി തെരുവിൽ കൂടെ നടന്നു പോകുമായിരുന്നു. വിവാഹം സാധാരണ നടന്നിരുന്നത് വരനും വധുവും വിവാഹശേഷം പാർക്കുവാനിരിക്കുന്ന വീട്ടിലായിരിക്കും. ഒരിക്കൽ വിവാഹ പാർട്ടിയും വിരുന്നുകാരും അകത്തുകടന്നാൽ വാതിലുകളെല്ലാം അടക്കും. ക്ഷണിക്കപ്പെട്ടവരായാലും താമസിച്ചുവരുന്നവരെ കല്യാണ സദ്യക്ക് പ്രവേശിപ്പിച്ചിരുന്നില്ല (25:1-13).

**വാക്യം 4.** ഉപമയിലെ ആതിഥേയൻ, ഒരു ഏകാധിപതിയുടെ സ്വഭാവത്തിൽനിന്നു വ്യത്യസ്തമായാണ് പെരുമാറുന്നത്: വിളിക്കപ്പെട്ടവർ ആദ്യത്തെ ക്ഷണം നിരസിച്ചപ്പോൾ, രാജാവ് ക്ഷമയോടെ **മറ്റു ദാസന്മാരെ** അയച്ച് വീണ്ടും **കല്യാണ സദ്യക്ക്** വിളിപ്പിക്കുന്നു (21:36). **എല്ലാ ഒരുക്കങ്ങളും പൂർത്തി** [യായി] എന്ന ദൂത് ആയിരുന്നു അവർ അറിയിക്കേണ്ടത്; **കാളകളെയും മൃഗങ്ങളെയും അറുത്ത്** തയ്യാറാക്കിയിരിക്കുന്നു (ലൂക്കൊ. 15:23, 27, 30).

ആദ്യം ക്ഷണിക്കപ്പെട്ട വിരുന്നുകാർ യെഹൂദന്മാരായിരുന്നു, ആവർത്തിച്ചാവർത്തിച്ചുള്ള വിളി കേട്ടിട്ടും അവർ മാനസാന്തരപ്പെടുവാൻ കൂട്ടാക്കിയില്ല. സിനായ് പർവ്വതത്തിൽ വെച്ച് മോശെയുടെ ന്യായപ്രമാണത്താലായിരുന്നു അവരെ ആദ്യം വിളിച്ചത്. ആളുകൾ അത് തള്ളിക്കളഞ്ഞപ്പോൾ, ദൈവം തന്നിലേക്ക് അവരെ അടുപ്പിക്കുവാൻ പ്രവാചകന്മാരെ ആവർത്തിച്ചാവർത്തിച്ച് അയച്ചു. എങ്ങനെയായാലും, അവർ പ്രവാചകന്മാരെ കൊന്നു കളഞ്ഞു (21:35, 36; 23:29-35). അവൻ അവർക്ക് തന്റെ ഏകജാതനായ മകനെ അയച്ച് അവസാന അവസരവും കൊടുത്തു (21:37-39).

**വാക്യം 5.** രണ്ടാമത്തെ ആ ക്ഷണവും അവർ നിരസിച്ചു; **അവർ അതിനെ ശ്രദ്ധിച്ചതേയില്ല.** "അവർ അതിനെ നിസാരമായിട്ടാണ് കണ്ടത്" എന്നാണ് ചില തർജിമകൾ പറയുന്നത് (കെജെവി; എൻകെജെവി; ഏഎസ്വി; ആർഎസ്വി; എൻആർഎസ്വി). ക്രിയ (*അമേലെയോ*), അർത്ഥമാക്കുന്നത് "ഉപേക്ഷിക്കുക," "കരുതാതിരിക്കുക" "അതിനെ കുറിച്ച് ചിന്തിക്കാതിരിക്കുക" എന്നെല്ലാമാണ്. **വിരുന്നിൽ പങ്കെടുക്കുന്നതിനു പകരം, അവർ താന്താങ്ങളുടെ വഴിക്ക്, ഒരാൾ തന്റെ നിലത്തിലേക്കും, മറ്റൊരാൾ, തന്റെ വ്യാപാരത്തിനുമായി പോയി.** ഇവിടെ പറയുന്ന കർഷകനും വ്യാപാരിയും സമൂഹത്തിലെ അസംഖ്യം ആളുകളെയാണ് പ്രതിനിധീകരിക്കുന്നത്. രണ്ട് ജോലിയിലും തെറ്റൊന്നും കാണുവാനില്ല. ദൈവത്തിന്റെ ക്ഷണം സ്വീകരിക്കാതിരിപ്പാൻ ഭൗതികമായ കാര്യങ്ങൾ പലർക്കും എങ്ങനെ തടസമായി തീരുന്നു എന്നാണ് അത് കാണിക്കുന്നത്.

വിരുന്നിന് ക്ഷണിക്കപ്പെട്ടവർ വരാതിരിക്കുന്നതിന് ഓരോ ഒഴികഴിവ് നിരത്തുന്നതായിട്ടാണ് ഇതേ ഉപമ വിവരിക്കുന്ന ലൂക്കൊസ് പറയുന്നത്. ഒരാൾ വാങ്ങിയ നിലം നോക്കുന്നതിനു പോയി. മറ്റൊരാൾ അഞ്ചേക്കർ കാളയെ വാങ്ങിയതിനെ പരിശോധിക്കുവാനായി പോയി. ഇനിയും വേറൊരാൾ അടുത്ത് വിവാഹം കഴിച്ചയാളായതുകൊണ്ട്, ഭാര്യയുമായി സമയം ചെലവിടുവാൻ പോയി (ലൂക്കൊ. 14:18-20). അത്തരം ഒഴികഴിവുകൾ ഈ ഉപമയിൽ കാണുന്നില്ല.

**വാക്യം 6.** ശേഷമുള്ളവർ – അതായത്, നിലത്തിലേക്കും വ്യാപാരത്തിനും

പോകാതിരുന്നവർ - **അവന്റെ ദാസന്മാരെ പിടിച്ച് അപമാനിക്കുകയും, കൊല്ലുകയും ചെയ്തു** (21:35, 36). ക്ഷണവുമായി വരുമ്പോൾ, ക്ഷണം സ്വീകരിച്ചില്ലെങ്കിലും അവരെ അപമാനിക്കുന്നത് ഒരു സമൂഹത്തിനും സ്വീകാര്യമായ പ്രവൃത്തിയല്ല. ഒരു രാജാവിന്റെയോ പ്രമുഖ വ്യക്തിയുടേയോ ദൂതന്മാരെ അപമാനിക്കുന്നത് അക്ഷന്തവ്യമായ അപരാധമാണ്.[20] അങ്ങനെ ചെയ്യുന്നവരുടെ ജീവനു തന്നെ അത് ഭീഷണിയാണ്.

**വാക്യം 7**. തന്റെ ദാസന്മാരെ കൊന്ന വിവരം **രാജാവ്** കേട്ടിട്ട്, **കോപം ജ്വലിച്ച്, തന്റെ പടയാളികളെ അയച്ച് അവരെ മുടിച്ചുകളയുകയും ആ പട്ടണത്തെ ചുട്ടുകളയുകയും ചെയ്തു**. രാജാവ് തന്റെ പടയാളികളാൽ, നിരപരാധികളായ തന്റെ ദൂതന്മാരെ കൊന്നവർക്ക് അവൻ മരണശിക്ഷ നടപ്പാക്കി.പുരാതന കാലത്ത് ശത്രുപട്ടണങ്ങളെ ചുട്ടുകളയുന്നത് പതിവായിരുന്നു. അത് ഒരുപക്ഷെ പൂർണ്ണമായി നശിപ്പിക്കുന്നതിനെയാണ് കാണിക്കുന്നത്.[21]

മറ്റു ഉപമകളിലും കാണുന്ന വിഷയമായ അനീതിയോടുള്ള ദൈവത്തിന്റെ കോപത്തെയാണ് ഈ വാക്യത്തിൽ വിവരിക്കുന്നത് (18:34; 21:40, 41). അവൻ ദീർഘക്ഷമയുള്ളവനാണെങ്കിലും, അതിനും ഒരു പരിധിയുണ്ട്. ശരിയായ സമയത്ത് ദൈവം ദുഷ്ടനെ ശിക്ഷിക്കുക തന്നെ ചെയ്യും.

ഈ വിവരണം പ്രവചനപരവുമാണ്, അതിൽ ഏ. ഡി. 70-ൽ യെരുശലേമിനെ നശിപ്പിക്കുവാനിരിക്കുന്ന മുന്നറിയിപ്പും ഉൾപ്പെടുന്നു.[22] 24:1, 2, 15-ൽ യേശുവും അതിനെ കുറിച്ച് പ്രവചിച്ചിരുന്നു. ദൈവരാജ്യത്തിൽ പ്രവേശിക്കുവാനുള്ള ദൈവത്തിന്റെ അവസാന ആഹ്വാനത്തെ അവർ തള്ളിക്കളഞ്ഞപ്പോൾ, അവൻ അവരെ തള്ളിക്കളഞ്ഞു, റോമൻ സൈന്യാധിപനായിരുന്ന ടൈറ്റസിനെ എഴുന്നേൽപിച്ചു. ഏ. ഡി. 70-ൽ യെരുശലേം നശിപ്പിച്ചതിനാൽ, ദൈവാലയാരാധനയും, യാഗമർപ്പിക്കലും നിലച്ചു. ക്രിസ്തുവിന്റെ മരണത്താൽ പുതിയനിയമം പ്രാബല്യത്തിലായപ്പോൾ തന്നെ (ഏ. ഡി. 30-ൽ) അത് നീങ്ങപ്പെട്ടു കഴിഞ്ഞിരുന്നു, എന്നാൽ വീണ്ടും ഒരു നാൽപതു വർഷത്തോളം അതിനെ ദൈവം അനുവദിച്ചിരുന്നു. അവസാനം അവർ അപ്രത്യക്ഷമായപ്പോൾ, (എബ്രാ. 8:13 നോക്കുക), ഇനി യിസ്രായേൽ ഒരിക്കലും ദൈവത്തിന്റെ തിരഞ്ഞെടുത്ത ജനമല്ല എന്നു തെളിയിക്കപ്പെട്ടു.

**വാക്യങ്ങൾ 8, 9**. ക്ഷണം നിരസിച്ചവർ **യോഗ്യരല്ല** എന്ന് രാജാവ് പ്രഖ്യാപിച്ചു. അത് വിരോധാഭാസമാകുകയാണ്, കാരണം ആദ്യം രാജാവ് അവരെ കല്യാണത്തിന് "രാജകീയ" ക്ഷണമാണ് അയച്ചത്. എന്നാൽ രസകരമായി, "യോഗ്യർ" (*ആക്സിയോസ്*) എന്ന വാക്ക് പിസിദ്ദ്യയിലെ അന്ത്യോക്യയിലെ യെഹൂദന്മാർ സുവിശേഷത്തോട് പ്രതികരിക്കാതിരുന്നതിനോട് പൗലൊസ് പ്രതികരിക്കുമ്പോഴും ഉപയോഗിച്ചതായി കാണാം: "അപ്പോൾ പൗലൊസും ബർന്നബാസും ധൈര്യം പൂണ്ട് ദൈവവചനം ആദ്യം നിങ്ങളോട് പറയുന്നത് ആവശ്യമായിരുന്നു. എന്നാൽ നിങ്ങൾ അതിനെ തള്ളി നിങ്ങളെത്തന്നെ നിത്യജീവന്ന് *അയോഗ്യർ* എന്ന് വിധിച്ചു കളയുന്നതിനാൽ, ഇതാ ഞങ്ങൾ ജാതികളിലേക്ക് തിരിയുന്നു" (പ്രവൃ. 13:46; എംഫസിസ് ആഡഡ്).

ഈ സമയത്ത്, രാജാവ് **കല്യാണ** സദ്യക്ക് ക്ഷണിക്കുവാനായി മൂന്നാമത്തെ സംഘത്തെ അയച്ചു. ഇപ്പോൾ അവൻ അവരോട് പറഞ്ഞു, "**വഴിത്തലക്കൽ ചെല്ലുവിൻ**." "വഴിത്തലക്കൽ" എന്ന വാക്ക് (*ഡയക്സോഡൗസ് ടോൺ ഹോഡോൺ*) എന്ന് തർജിമ ചെയ്തിരിക്കുന്നത് മനസിലാക്കുവാൻ പ്രയാസമാണ്. "വഴിത്തലക്കൽ" (ടിഇൗവി), "വഴിമുക്കുകളിൽ" (എൻസിവി),

"മറികടക്കുന്ന കവലകളിൽ" (എൻജെബി) എന്നും പല രീതിയിൽ ഉപയോഗിച്ചിരിക്കുന്നു. എങ്ങനെയായാലും, അത് സൂചിപ്പിക്കുന്നത്, "മുഖ്യമായ വഴികളിൽ (കൂടെ) മുറിച്ച് (പുറത്ത്) കടന്നു നാട്ടിൻപുറത്തേക്കുള്ള വഴികളെയാണ്."[23] റോബർട്ട് എച്ച്. ഗൺറി വിചാരിച്ചത്, ആളുകളെ ഇവിടെയാണ് കാണുക, കാരണം "പട്ടണം പുക നിറഞ്ഞിരിക്കുകയാണ്" (22:7).[24]

**വാക്യം 10**. കാണുന്നവരെയെല്ലാം വിളിക്കുവാനായിരുന്നു ആ **ദാസന്മാരോട്** പറഞ്ഞത് - **ദുഷ്ടന്മാരെയും നല്ലവരെയും** - കല്യാണത്തിനു പങ്കെടുക്കുവാനായിരുന്നു ക്ഷണം. ആദ്യം ക്ഷണിക്കപ്പെട്ടവരിൽനിന്നു വ്യത്യസ്തരായി ഇവർ സാധാരണക്കാരായിരുന്നു. അവർ രാജാവിന്റെ ക്ഷണം സ്വീകരിക്കുകയും, **കല്യാണശാല വിരുന്നുകാരെ കൊണ്ട് നിറയുകയും ചെയ്തു** (8:11, 12; 21:41 നോക്കുക). യെഹൂദന്മാർ ക്രിസ്തുവിനെ തള്ളിക്കളഞ്ഞ ശേഷം, അപ്പൊസ്തലന്മാരെ അവൻ സ്വർഗ രാജ്യത്തിന്റെ സന്ദേശവുമായി ലോകത്തിലെങ്ങും സകല ജാതികളിലും, വർഗക്കാരിലും, ഭാഷക്കാരിലും, എത്തിക്കുവാൻ അയച്ചു (28:18–20; മർ. 16:15, 16).

**വാക്യം 11. വിരുന്നുകാരെ** നോക്കേണ്ടതിന്ന് **രാജാവ്** അകത്തു വന്നപ്പോൾ, **കല്യാണ വസ്ത്രം** ധരിക്കാത്ത **ഒരു മനുഷ്യൻ** ഇരിക്കുന്നതു കണ്ടു. അത് പ്രത്യേകമായി വിരുന്നുകാർക്ക് കല്യാണത്തിനു വരുമ്പോൾ രാജാവ് നൽകിയതാകാം. പ്രത്യേക അവസരങ്ങളിൽ ധരിക്കുവാൻ **രാജകിയ വസ്ത്രം** നൽകിയിരുന്നതിനു തെളിവുണ്ട് (2 രാജാ. 10:22).[25] കല്യാണത്തിനു വന്നവർ സാധുക്കളായതുകൊണ്ട്, രാജാവ് അവർക്ക് കല്യാണവസ്ത്രം നൽകിയിരിക്കാം. ഈ സംഭവത്തിൽ, വസ്ത്രം എന്നു പറയുന്നത് ക്രിസ്തു മുഖാന്തരം ദൈവം നൽകിയ നീതിയാണ് ഉദ്ദേശിക്കുന്നത് (റോമർ. 3:21–26; ഗലാ. 3:26–29).

മറ്റൊരു സാധ്യത എന്തെന്നാൽ, കല്യാണ വസ്ത്രം എന്നു പറയുന്നത് വിരുന്നുകാരുടെ സ്വന്തം വെള്ള വസ്ത്രമായിരിക്കാമെന്നതാണ്. അങ്ങനെയാണെങ്കിൽ, രാജ്യത്തിലെ പൗരന്മാരായവരിൽ പ്രതീക്ഷിക്കാവുന്ന നീതിയുള്ള ജീവിതമായിരിക്കും.[26] അതെ അലങ്കാരത്തിൽ പറയുന്ന വെള്ള വസ്ത്രം (ശുദ്ധവും ശുഭ്രവുമായ) ധരിക്കുന്ന മണവാട്ടി പ്രതിനിധാനം ചെയ്യുന്നത് "വിശുദ്ധന്മാരുടെ നീതി പ്രവൃത്തികളാണ്" (വെളി. 19:8). ഈ വ്യാഖ്യാനം കഴിഞ്ഞ ഉപമയുമായി പൊരുത്തപ്പെടുന്നതാണ്, അവിടെ പറയുന്നത്, നല്ല ഫലം പുറപ്പെടുവിക്കുന്ന വേറെ കുടിയാന്മാർക്ക് തോട്ടം ഏൽപിക്കും എന്നാണ് (21:41, 43; 5:20 നോക്കുക).[27].

**വാക്യം 12**. ഈ വിരുന്നുകാരനെ രാജാവ് "**സ്നേഹിതൻ**" എന്നാണ് സംബോധന ചെയ്തത് (20:13 ന്റെ പരാമർശം നോക്കുക). "**നീ കല്യാണ വസ്ത്രം ഇല്ലാതെ എങ്ങനെ അകത്തു കടന്നു?**" എന്ന് അവൻ അവനോട് ചോദിച്ചു. അവൻ പറഞ്ഞത്, "വാതിൽ കവാൽക്കാർ കാണാതെ, ഈ വസ്ത്രം ധരിച്ച് നീ എങ്ങനെ വന്നു?" എന്നാണ്. എന്നിരുന്നാലും, ആ ചോദ്യം വിവരം ആവശ്യപ്പെടുന്നതിലുപരിയായി കുറ്റപ്പെടുത്തുന്നതായിരുന്നു എന്നു തോന്നുന്നു. "എങ്ങനെ" എന്നതിന്റെ ഗ്രീക്ക് വാക്ക് (*പോസ്*) ചോദ്യ രൂപത്തിലാണെങ്കിൽ, അംഗീകരിക്കാത്തതിനെയോ തള്ളിക്കളയുന്നതിനേയോ സൂചിപ്പിക്കുന്നു. "നിങ്ങൾക്ക് എങ്ങനെ ധൈര്യം വന്നു?" എന്നോ അല്ലെങ്കിൽ, "എന്തവകാശത്തോടെ?" എന്നോ തർജിമ ചെയ്യാവുന്നതാണ്. "കല്യാണ വസ്ത്രമില്ലാതെ നിനക്ക് എങ്ങനെ അകത്തു കടുക്കുവാൻ കഴിഞ്ഞു?"[28] എന്നും പറയാവുന്നതാണ്. രാജാവിന് ഇടർച്ച വരുത്തിയ മനുഷ്യന് ഉത്തരം

ഒന്നും പറയുവാനില്ലായിരുന്നു. "വാക്ക് മുട്ടിപ്പോയി" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ഫിമൂ*), അക്ഷരികമായ അർത്ഥം, "മൂടിക്കെട്ടിയ" എന്നാണ്. നിശബ്ദതയെ ആലങ്കാരികമായി ഉപയോഗിക്കുന്നതാണ് അത്.

കല്യാണവസ്ത്രമില്ലാതെ വന്ന മനുഷ്യൻ "സുവിശേഷവിളി സ്വീകരിച്ച് വന്നശേഷം സുവിശേഷത്തോട് അനുരൂപപ്പെട്ട ജീവിതം നയിക്കുവാൻ കൂട്ടാക്കാത്തവനാണ്."[29] ശിഷ്യന്മാരാണെന്ന് അവകാശപ്പെടുന്ന ചിലർ കർത്താവ് മടങ്ങിവരുമ്പോൾ നടത്തുന്ന ന്യായവിധിക്കായി ഒരുങ്ങുന്നില്ല (7:21-23; 24:45-51; 25:41-46).

**വാക്യം 13.** ഒരുങ്ങാതെ വന്ന വിരുന്നുകാരനെ **കയ്യും കാലും കെട്ടി** പുറത്തുള്ള **ഇരുട്ടിൽ തള്ളിക്കളയുവാനായിരുന്നു രാജാവ്** ദാസന്മാരോട് പറഞ്ഞത്. അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും. നിത്യശിക്ഷാവിധിയുടേയും കഷ്ടതയുടേയും ചിത്രമാണ് ഇതു നൽകുന്നത് (8:12 ന്റെ പരാമർശം നോക്കുക).

**വാക്യം 14. "വിളിക്കപ്പെടുന്നവർ അനേകർ, തിരഞ്ഞെടുക്കപ്പെടുന്നവരോ ചുരുക്കം"** എന്നു പറഞ്ഞു യേശു ഉപമ അവസാനിപ്പിച്ചു. എല്ലാവരേയും ഉൾപ്പെടുത്തി പറയുന്ന പ്രയോഗമാകാം "അനേകർ" എന്നത് (20:28 ന്റെ പരാമർശം നോക്കുക). "വിളിക്കപ്പെടുക" എന്ന ഗ്രീക്ക് വിശേഷണം (*ക്ലെറ്റോസ്*) ഉപമയിൽ ഉടനീളം കാണുന്ന "വിളിച്ചു" (*കാലെയോ*) എന്ന ക്രിയയുമായി ബന്ധപ്പെട്ടതാണ് (22:3, 4, 8, 9). ഉചിതമായും, സുവിശേഷ ക്ഷണം എല്ലാവർക്കും ഉള്ളതാണ്; അത് സാർവ്വദേശിയ ലക്ഷ്യമുള്ളതാണ് (28:18-20; മർ. 16:15, 16; ലൂക്കൊ. 24:47). എങ്ങനെയായാലും, എല്ലാവരും സുവിശേഷം കേട്ടിരിക്കുവാൻ സാധ്യതയില്ല (റോമർ. 10:14, 15).

വിളിക്കപ്പെടുന്നവർ അനേകരാണെങ്കിലും, തിരഞ്ഞെടുക്കുന്നവർ ചുരുക്കമായിരിക്കും. മോറിസ് മുന്നറിയിച്ചിരിക്കുന്നു, "സുവിശേഷം കേൾക്കുന്നവരും, ദൈവകൃപ അറിയുന്നവരും വിളിയും പ്രതികരണവും ഒരുപോലെ അല്ല എന്നു തിരിച്ചറിയണം."[30] ദൈവവിളി അനുസരിക്കുന്നവരെയാണ് "എടുക്കുന്നത്," (*എക്ലെക്ടോസ്*) അല്ലെങ്കിൽ "തിരഞ്ഞെടുക്കുന്നത്" (24:22, 24, 31); അവരാണ് അവസാനം രക്ഷിക്കപ്പെടുന്നത്. യേശുവിനെ തള്ളിക്കളയുന്നവരെല്ലാം നഷ്ടപ്പെടും.

## പാഠങ്ങൾ

### രണ്ടു പുത്രന്മാരുടെ ഉപമ (21:28-32)

തന്റെ അനുയായികളോട് പ്രവൃത്തിയോ-ന്മുഖമാകുവാനാണ് ക്രിസ്തു പറഞ്ഞത്. ദൈവത്തിന്റെ തോട്ടത്തിലെ വേലക്കാരാകുവാനാണ് നമ്മെ വിളിച്ചിരിക്കുന്നത്. മൂന്നു വാക്കുകൾ നമ്മെ വിചാരക സ്വഭാവമുള്ളവരാക്കുന്നു.

"ലഭ്യമാകുക." നമ്മുടെ ഏറ്റവും വലിയ കഴിവാണ് ലഭ്യമാക്കുക എന്നത്. ആരാധനയും ബൈബിൾ പഠനവും പ്രധാനപ്പെട്ടതാണ്.

"ലോലമായിരിക്കുക." നമുക്ക് ചുറ്റുമുള്ളവരോട് നാം ലോലമായിരിക്കണം. ചിലപ്പോൾ "ഏറ്റവും ചെറിയവരെ" കുറിച്ചു പോലും നാം കരുതലുള്ളവരാകുവാൻ നമ്മെ ഓർപ്പിക്കേണ്ടതാണ് (25:40, 43).

"കണക്കു കൊടുക്കുക." ഡാനിയേൽ വെബ്സ്റ്റർ എഴുതി, "വ്യക്തിപരമായി ദൈവത്തോടുള്ള എന്റെ ഉത്തരവാദിത്വമാണ് എന്റെ മനസിൽ ഉണ്ടാ

കാറുള്ള ഏറ്റവും വലിയ ചിന്ത."[31] നാം ഓരോരുത്തരും ദൈവത്തിന് കണക്ക് കൊടുക്കണം.

രാജ്യവുമായുള്ള ബന്ധത്തിൽ നിങ്ങൾ എവിടെയാണ്? നിങ്ങൾ ലഭ്യമാണോ, ലോലമാണോ, ദൈവത്തിനു കണക്കു കൊടുക്കുന്നുവോ?

**"വിരുന്നിനു വരിക" (22:4)**

ഒരുക്കി വെച്ച വിരുന്നു കഴിക്കുവാൻ വിരുന്നുകാരെ ക്ഷണിക്കുവാൻ രാജാവ് തന്റെ ദാസന്മാരെ അയച്ചു. അവൻ പറഞ്ഞു, "എല്ലാം ഒരുങ്ങിയിരിക്കുന്നു; കല്യാണവിരുന്നിനു വരിക" (22:4). അതുപോലെ ഒരു പഴയ പാട്ട് അപേക്ഷിക്കുന്നു, "എല്ലാം ഒരുങ്ങിയിരിക്കുന്നു, വിരുന്നിനു വരിക."[32] സ്വർഗീയ ഒരുക്കങ്ങൾ പൂർത്തിയാക്കിയത് യേശു തന്നെയാണ് (യോഹ. 14:1-3). നാം അവന്റെ ക്ഷണം സ്വീകരിച്ച് സ്വർഗത്തിൽ പ്രവേശിക്കുവാൻ ഒരുങ്ങണം. "ഒരുങ്ങിയ ആളുകൾക്കായി ഒരുക്കിയിരിക്കുന്ന സ്ഥലമാണ് സ്വർഗം"[33] എന്നു പറയപ്പെട്ടിരിക്കുന്നു. ലവൊദിക്യക്കാരോട് യേശു പറഞ്ഞു, "ഇതാ ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ, ഞാൻ അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും" (വെളി. 3:20).

---

കുറിപ്പുകൾ

[1]ക്രെയിഗ് എസ്. കീനെർ, *ഏ കമെന്ററി ഓൺ ദ ഗോസ്പെൽ ഓഫ് മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1999), 507. [2]ആ വാക്യങ്ങളിലെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നോക്കുക, ബ്രൂസ് എം. മെറ്റ്സ്ജെർ, *ഏ ടെക്സ്ച്വൽ കമെന്ററി ഓൺ ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്*, 2 ഡ് എഡി. (സ്റ്റട്ട്ഗാർട്ട്: ജെർമൻ ബൈബിൾ സ്വസൈറ്റി, 1994), 44-46. [3]മത്തായി ആ ചുങ്കക്കാരിൽ ഒരാളായിരുന്നു, എന്നാൽ എല്ലാം വിട്ടിട്ടാണ് യേശുവിനെ അനുഗമിച്ചത് (9:9). [4]ശമര്യയിൽനിന്നുള്ള ഉദാഹരണം കാണുവാൻ നോക്കുക, മൈക്കിൾ ജെ. വിൽക്കിൻസ്, "*മാത്യു,*" ഇൻ *സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗൺസ് കമെന്ററി,* വാല്യം. 1, *മാത്യു, മാർക്ക്, ലൂക്ക്,* എഡി.ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 133. [5]ഇബിഡ്., 132. [6]മിഷ്നാ *ബാബാ ബാത്രാ* 3.1. [7]താൽമൂദ് *ബാബ ബാത്രാ* 35ബി. [8]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി. 1992), 540-41. [9]കീനെർ 512. [10]നോക്കുക 1 രാജാ. 18:4; 2 ദിന. 24:20, 21; നെഹെ. 9:26; യിരെ. 7:25, 26; 20:1, 2; 25:4; 26:21-23; മത്താ. 23:37; ലൂക്കൊ. 13:34; എബ്രാ. 11:32-38.

[11]ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു 14-28, വേർഡ് ബിബിളിക്കൽ കമെന്ററി,* വാല്യം 33ബി (ഡള്ളാസ്: വേർഡ് ബുക്സ്, 1995) 620-21. [12]ലൂക്കൊസ് 20:15 മത്തായി 21:39 മായി യോജിക്കുന്നു. ചില കയ്യെഴുത്തു പ്രതികൾ മർക്കൊസിന്റെ വിവരണത്തെ ഉറപ്പിക്കുന്ന വിധത്തിൽ ക്രമം തിരിച്ചാണ് പറഞ്ഞിരിക്കുന്നത് (മെറ്റ്സ്ജർ, 47). [13]മോറിസ്, 542. [14]ടാസിറ്റസ്, *അനൽസ്,* 14.42. [15]മെറ്റ്സ്ജർ, 47. [16]ഒരേ രീതിയിൽ, എന്നാൽ വ്യത്യസ്തമായ, ഉപമ ലൂക്കൊ. 14:15-24-ൽ രേഖപ്പെടുത്തിയിരിക്കുന്നു. ആ സംഭവം യേശു ഒരു പ്രമുഖ പരീശന്റെ വീട്ടിൽ ഭക്ഷണത്തിനിരിക്കുമ്പോൾ പറഞ്ഞു (ലൂക്കൊ. 14:1). ഇതുമായി ബന്ധപ്പെട്ട ഉപമ പിന്നീട് റബ്ബിമാരുടെ സാഹിത്യത്തിൽ കാണുന്നു

(താൽമൂദ് *ഷാബോത്* 153 ഏ). [17]ഡിയോഡോറസ് ഓഫ് സിസിലി 16.91.4–92.1; പ്ലിനി *ലെറ്റേഴ്സ്* 10.116. [18]റോബർട്ട് എച്ച്. മൗൺസ്, *മാത്യു,* ന്യു ഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി (പീബഡി, മാസ്.: ഹെൻഡ്രിക്സൻ പബ്ലിഷേഴ്സ്, 1991), 205. [19]സമൂഹത്തിൽ ഉയർന്നവരെയും താഴ്ന്നവരെയും ഇരട്ട ക്ഷണം നടത്തുന്നതിനെ പാപിരി സാക്ഷ്യപ്പെടുത്തുന്നു. (കീനെർ, 519). തെറ്റു സംഭവിക്കാതിരിപ്പാൻ രണ്ട് പ്രാവശ്യം വിളിച്ചില്ലെങ്കിൽ, വിരുന്നിന് ആളുകൾ പോകുമായിരുന്നില്ല എന്ന് റബ്ബിമാരുടെ സാഹിത്യത്തിൽ പറയുന്നു. (*ലമെന്റേഴ്സ് രാബാഹ്* 4.2). എസ്ഥേർ ഒരു വിരുന്നിന് രാജാവിനേയും ഹാമാനേയും ക്ഷണിച്ചു. അടുത്ത ദിവസം ഒരുക്കങ്ങൾ നടന്നു കൊണ്ടിരുന്നപ്പോൾ, രാജാവിന്റെ ഉദ്യോഗസ്ഥന്മാർ ഹാമാനെ പിടിച്ചു (എസ്. 5:8; 6:14). [20]അത്തരം ദൂതന്മാരോട് മോശമായി പെരുമാറരുതെന്നല്ല ഇവിടെ പറയുന്നത്. ഹിസ്കിയാ രാജാവിന്റെ സന്ദേശ വാഹകരെ യിസ്രായേൽ കളിയാക്കിയതായി ജോസെഫസ് പറഞ്ഞിരിക്കുന്നു, അവരെ നിന്ദിച്ച് ചിരിക്കുകയും പരിഹസിക്കുകയും ചെയ്തു (ജോസെഫസ് *ആന്റി കിറ്റീസ്* 9.13.2.).

[21]യോശു. 6:24; 8:28; 11:11, 13; 1 ശമു. 30:1; 1 രാജാ. 9:16; 2 രാജാ. 25:9; 2 ദിന. 36:19; നെഹെ. 1:3; 2:17; 4:2; സങ്കീ. 74:7, 8; യെശ. 1:7; 64:11; യിരെ. 38:23; 39:8; 46:19; 52:13; ആമോ. 1:7, 10, 12. [22]റ്റൈറ്റസ് യെരുശലേമിനേയും ദൈവാലയത്തേയും നശിപ്പിച്ച രേഖക്ക് നോക്കുക, ജോസെഫസ് *വാഴ്സ്* 5; 6. [23]വാൾട്ടർ ദാവർ, *എ ഗ്രീക്ക്-ഇംഗ്ലീഷ് ലക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 3ഡ് എഡി. റവ. ആന്റ് എഡി. ഫെഡറിക്ക് ഡബ്ലിയു. ടാങ്കർ (ഷിക്കാഗോ: യുണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്സ്, 2000), 244. എബിയിൽ “ദ തറോഫെയേഴ്സ് വെയർ ദെ ലീവ് ദ സിറ്റി.” [24]റോബർട്ട് എച്ച്. ഗെന്റ്രി, *മാത്യു: എ കമന്ററി ഓൺ ഹിസ് ലിറ്റററി ആന്റ് തിയോളജിക്കൽ ആർട്ട്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി. 1982), 438. [25]താൽമൂദ് *ശാബാത്ത്* 152ബി. [26]ഡേവിഡ് ഹിൽ, *ദ ഗോസ്പൽ ഓഫ് മാത്യു*, ദ ന്യൂ സെഞ്ചുറി ബൈബിൾ കമന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്; ഡബ്ലിയു എം. ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി, 1972), 302–3. [27]വേറെ വസ്ത്രത്തിന്റെ ഭാവന വെളിപ്പാടിൽ കാണാം. “കുഞ്ഞാടിന്റെ രക്തത്താൽ, അങ്കി രക്തത്താൽ കഴുകി വെള്ളയാക്കിയവരാണ്” വിശുദ്ധന്മാർ (വെളി 7:14). “അങ്കി മലിനപ്പെടാത്തവർ ... [ക്രിസ്തു] വിനോടു കൂടെ വെള്ളയുടുപ്പു ധരിച്ചു നടക്കും, കാരണം അവർ യോഗ്യതയുള്ളവരാണ്” (വെളി 3:4). “ജയിക്കുന്നവരാണ് വെള്ളയുടുപ്പു ധരിക്കുന്നവർ” (വെളി 3:5). ധരിക്കുവാൻ വെള്ളയുടുപ്പ് തന്നോട് വാങ്ങുവാൻ ക്രിസ്തു, തന്റെ ജനത്തോട് ഉപദേശിച്ചു (വെളി. 3:18). [28]ബാവർ, 901 നോക്കുക. [29]ഡെഗ്ലെസ്സ് ആർ. എ. ഹെയർ, *മാത്യു*, ഇന്റർ പ്രെട്ടേഷൻ (ലൂയിസ്‌വിലേ; ജോൺ നോക്സ് പ്രസ്സ്, 1993), 252. [30]മോറിസ്, 552.

[31]എലിസബത്ത് ആംസ്ട്രോങ്ങ് റീഡ് ആന്റ് ഗ്രീം മെഴ്സ്സർ ആഡം, *ഡാനിയേൽ വെപ്സ്റ്റർ: എ ക്യാരക്റ്റർ സ്കെച്ച്* (ഷിക്കാഗോ: എച്ച്. ജി. കാംബെൽ പബ്ലിഷിങ് കമ്പനി., 1903), 123. [32]ചാർലറ്റ് ജി. ഹോമർ, “കം റ്റു ദ ഫീസ്റ്റ്,” *സോങ്സ് ഓഫ് ദ ചർച്ച്,* കോംപ് ആന്റ് എഡി, ആൾട്ടൺ എച്ച്. ഹോവാഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാഡ് പബ്ലിഷിങ് കമ്പനി., 1977). [33]ഡി. എൽ. മൂഡി, *ദ ഓവർകമിങ് ലൈഫ്*, എഡി. ജീൻ ഫെഡലെ (ഓർലാന്റോ, ഫ്ലാ.: ബ്രിഡ്ജ് ലോഗോസ് പബ്ലിഷിങ്, 2007), 216, 273.